05.04.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy

www.sdpathram.com

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Vol. 26
Issue 7

ഐപിസി കേരളാ സ്റ്റേറ്റ് പ്രവർത്തനങ്ങൾ പ്രതിസന്ധിയിൽ

• ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചു • ദൈനംദിന പ്രവർത്തനങ്ങൾ അവതാളത്തിൽ

കുമ്പനാട്: ഐപിസി യുടെ ഏറ്റവും വലിയ സംസ്ഥാന ഘടകമായ കേരളാ സ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾ പ്രതിസന്ധി നേരിടുന്നു. കൗൺസിലിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പോലും നടത്താൻ കഴിയാതെ ഭരണസമിതി ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്. കേരളാ സ്റ്റേറ്റിന്റെ മൂന്ന് അക്കൗണ്ടുകളിൽ രണ്ടെണ്ണം മരവിപ്പിച്ചിരിക്കുകയാണ്. ജനറൽ പ്രസിഡന്റും സെക്രട്ടറിയും കൂടി ബാങ്കിൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് അക്കൗണ്ടുകൾ മരവിപ്പിച്ചതെന്നറിയുന്നു.

ജനറൽ കൗൺസിലിന്റെ പാൻ കാർഡ് ഉപയോഗിച്ചാണ് സ്റ്റേറ്റ് ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തിപ്പിച്ചിരുന്നത്. പണം ദുരുപയോഗം ചെയ്തു എന്ന ആരോപണം ഉന്നയിച്ചാണ് അക്കൗണ്ടുകൾ മരവിപ്പിച്ചതെന്നാണ് അറിയുന്നത്. മലബാർ സ്റ്റേറ്റ് പ്രഖ്യാപിച്ചതിനാൽ ബാങ്കിലുള്ള പണത്തിന്റെ വിഹിതം അവർക്കും അവകാശപ്പെട്ടതാണെന്ന് ജനറൽ വാദിക്കുന്നു. എന്നാൽ കേരള സ്റ്റേറ്റിനു കീഴിലുള്ള 3000 സഭകളിൽ 500 സഭകൾ മാത്രമാണ് മലബാറിലുള്ളതെന്നും ഭരണ സമിതി രൂപീകരിച്ചശേഷം ആനുപാതികമായി അവർക്ക് പണം കൈമറുന്നതിൽ എതിർപ്പില്ലെന്നും സ്റ്റേറ്റ് കൗൺസിൽ വാദിക്കുന്നു. രണ്ട് അക്കൗണ്ടുകളിലായി 34 ലക്ഷം രൂപ ഉണ്ടെന്നാണ് അറിയുന്നത്.

കേരളസ്റ്റേറ്റിന്റെ സ്വപ്ന പദ്ധതിയായ പത്തനാപുരത്തെ പ്ലാറ്റ് നിർമ്മാണത്തിന് 18 ലക്ഷം രൂപ കരാറുകാരന് കൈമാറുന്നതിന് സ്റ്റേറ്റ് ഭാരവാഹികൾ തിരുമാനിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് ഓഫിസ് മാനേജരും എക്സിക്യൂട്ടീവും തമ്മിൽ അഭിപ്രായ വ്യത്യാസ ഉണ്ടായി. തുടർന്ന് മാർച്ച് 3 ന് കൂടിയ അടിയന്തിര കൗൺസിൽ പണം കൈമാറാൻ ട്രഷറാർക്ക് അനുവാദം നൽകിയതിന് പിന്നാലെയാണ് അക്കൗണ്ടുകൾ മരവിപ്പിച്ചത്.

ഇതോടുകൂടി ജനറൽ/സ്റ്റേറ്റ് കൗൺസിലുകൾ തമ്മിൽ തുടർന്നു വന്ന ശീതസമരം രൂക്ഷമാകുകയാണ്. സ്റ്റേറ്റ് കൗൺസിലിൻറെ ദൈനദിന പ്രവർത്തനങ്ങളെപോലും ബാധിക്കുന്ന രീതിയിൽ കാര്യങ്ങൾ കൈവിട്ടുപോയിരിക്കുകയാണ്. ഓഫീസ് ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ്. ചില മാസങ്ങൾക്ക് മുമ്പ് സഭാ ആസ്ഥാനത്ത് നടന്ന സ്റ്റേറ്റ് കൗൺസിൽ യോഗത്തിലേക്ക് വന്ന സുരക്ഷാ ജീവനക്കാരനെ ചില കൗൺസിൽ അംഗങ്ങൾ കയ്യേറ്റം ചെയ്തു വെന്നും അവർക്കെതിരെ നടപടി എടുക്കണമെന്നും ആവശ്യപ്പെട്ട് ജനറൽ കൗൺസിൽ, കേരളാസ്റ്റേറ്റിന് കത്ത് നൽകിയിരുന്നു. എന്നാൽ അത് പരിഗണിക്കാൻ സ്റ്റേറ്റ് കൗൺസിൽ തയ്യാറായിരുന്നില്ല. അതേതുടർന്ന് രൂപപ്പെട്ട പ്രശ്നങ്ങളാണ് ഇത്തരത്തിലുള്ള രൂക്ഷമായ പ്രതിസന്ധിയിൽ എത്തിയത്തെന്ന് കരുതുന്നു. ഇതുമായി ബന്ധപ്പെട്ട കോടതികളിൽ കേസും നിലനിൽക്കുന്നുണ്ട്.

സഭാ നേതൃത്വം കൂട്ടായ ചർച്ചകളിലൂടെയും അഭിപ്രായസമന്വയത്തിലൂടെയും പ്രശ്നനങ്ങൾ പരിഹരിക്കണം. ക്രിസ്തിയ സ്നേഹത്തിൽ ഐക്യതയോടെ മുന്നോട്ട് പോകണമെന്നാണ് വിശ്വാസ സമൂഹം ആഗ്രഹിക്കുന്നത്. സഭക്ക് സമൂഹത്തിൽ അവമതിപ്പുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് എല്ലാവരും ഒഴിഞ്ഞു നിൽക്കണമെന്ന് ജനങ്ങൾ ആവശ്യയപ്പെടുന്നു.

കേരള സ്റ്റേറ്റിനെ ഇനിയും വിഭജിക്കരുത്

കുമ്പനാട് : ഐപിസി കേരള സ്റ്റേറ്റിനെ വീണ്ടും വിഭജികരുതെന്ന ആവശ്യം ശക്തമാവുന്നു. കേരളത്തിലെ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ആറ് ജില്ലകൾ ചേർത്ത് മലബാർ സ്റ്റേറ്റ് രൂപീകരിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇനിയും ഒരു വിഭജനം കൂടി നടത്തിയാൽ കേരളത്തിലെ ഐപി സി സഭകളുടെ അസ്തിത്വം തന്നെ നഷ്ടപ്പെടുമെന്ന് വിശ്വാസ സമൂഹം കരുതുന്നു. തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകൾ ചേർത്ത് മറ്റൊരു റീജിയൻ രൂപികരിക്കാനുള്ള ചർച്ചകൾ ചില കേന്ദ്രങ്ങളിൽ നടക്കുന്നതായി അറിയുന്നു. ഇത്തരം നീക്കങ്ങളെ ജനറൽ കൗൺസിൽ നേതൃത്വം പിന്തുക്കരുതെന്നാണ് വിശ്വാസ സമൂഹം ആവശ്യപ്പെടുന്നത്.

ഉത്തരേന്ത്യയിൽ ക്രിസ്ത്യാനികൾക്ക് നേരെയുള്ള അക്രമണം വ്യാപകമാകുന്നു



ന്യൂഡൽഹി: ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവ പുരോഹിതന്മാർക്കും വിശ്വാസികൾക്കും നേരെയുള്ള അക്രമണം വ്യാപകമാകുന്നു. ഒഡീഷയിലെ ബരാംപൂർ രൂപതയിലെ ജൂബ ഇടവക പള്ളിയിൽ കയറിയ പോലീസ് ഉദ്യോഗസ്ഥർ മലയാളി വൈദികനെ ക്രൂരമായി മർദ്ദിച്ചു. പള്ളിയിൽ കയറിയ പോലീസുകാർ വിശ്വാസികളെ മർദ്ദിക്കുന്നതു തടയാനെത്തിയ ഇടവകവികാരി ഫാ. ജോഷി ജോർജിനെയും പോലീസ് സംഘം മർദ്ദിച്ചു. തോളെല്ലിനും കൈയ്ക്കും പരിക്കുപറ്റിയ അദ്ദേഹം ബരാംബൂർ മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.

മധ്യപ്രദേശിലെ ജബൽപുരിൽ കത്തോലിക്കാ പുരോഹിതർക്കും അൽമായർക്കും നേരെ ഏപ്രിൽ 1 നായിരുന്നു ആക്രമണം ഉണ്ടായത്. പ്രാർത്ഥനാ ചടങ്ങുകൾക്ക് പോവുകയായിരുന്ന തീർത്ഥാടകർ സഞ്ചരിച്ചിരുന്ന ബസ് നിർബന്ധിത മതപരിവർത്തനമാരോപിച്ച് ഒരു സംഘം ആക്രമിക്കുകയായിരുന്നുവെന്ന് മർദനമേറ്റ മലയാളികളായ ഫാദർ ഡേവിസ് ജോർജും, ഫാദർ ജോർജും പറഞ്ഞു. മുദ്രാവാക്യം വിളിച്ചെത്തിയ സംഘം മർദിക്കുകയായിരുന്നു.

മലയാളികളായ വൈദികരെ പൊലീസ് സ്റ്റേഷനിൽ ഉദ്യോഗസ്ഥർക്ക് മുന്നിലിട്ട് മർദിച്ചുവെന്നാണ് വൈദികരുടെ വെളിപ്പെടുത്തൽ. പൊലീസ് സ്റ്റേഷനിൽ നടന്നത് ഗുണ്ടായിസമായിരുന്നുവെന്നും വൈദികർ പറഞ്ഞു. വാഹനം തടഞ്ഞ് വിശ്വാസികളെ പൊലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയപ്പോൾ സഹായിക്കാൻ പോയതായിരുന്നു തങ്ങളെന്നും വൈദികർ കൂട്ടിച്ചേർത്തു. പൊലീസ് സ്റ്റേഷനകത്ത് നടന്ന ആക്രമണം ഞെട്ടിക്കുന്നതാണ്.

അതേസമയം, മധ്യപ്രദേശിൽ കത്തോലിക്കാ പുരോഹിതർക്കും അൽമായർക്കും നേരെയുണ്ടായ ആക്രമണത്തിൽ ഡീൻ കുര്യക്കോസ് എംപി അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി. ആക്രമണം അടിയന്തരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടാണ് ലോക്സഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. സംഭവത്തെ ശക്തമായി അപലപിക്കുന്നതായും ഡീൻ കുര്യക്കോസ് പറഞ്ഞു.

അതിനിടെ, ജബൽപുർ ആക്രമണത്തെ ശക്തമായി അപലപിച്ച് സിബിസിഐ. വിശ്വാസികൾക്കും സഭാ നേതാക്കൻമാർക്കും നേരെയുണ്ടായ ആക്രമണത്തിന് പിന്നിൽ തീവ്ര സംഘടനകളും, രാജ്യവിരുദ്ധരുമാണ്. ന്യൂനപക്ഷങ്ങൾക്ക് നേരെ തുടർച്ചയായ ആക്രമണങ്ങൾ ആശങ്കയുണ്ടാക്കുന്നതാണ്. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, കിരൺ റിജിജു, ജോർജ് കുര്യൻ എന്നിവർ അടിയന്തിരമായി വിഷയത്തിൽ ഇടപെടണമെന്നും സംസ്ഥാന സർക്കാർ ദേശ വിരുദ്ധ ശക്തികൾക്കെതിരെ നടപടിയെടുക്കണമെന്നും സിബിസിഐ ആവശ്യപ്പെട്ടു.

എ.ജി. ഫാമിലി കോൺഫറൻസ് രജിസ്ട്രേഷൻ തുടങ്ങി

ടൊറന്റോ: നോർത്തമേരിക്കയിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ (AGIFNA 2025 നോർത്ത് അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ) ഫാമിലി കോൺഫറൻസ് ജൂലൈ 24 വ്യാഴം മുതൽ 27 ഞായർ വരെ ടൊറന്റോ പട്ടണത്തിൽ Delta Hotel (By Marriott at Airport & Conference Centre) 3 mintues away from Torronto Airport) നടക്കും. ഇതിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ലിങ്കിൽ വഴി രജിസ്റ്റർ ചെയ്യാം. www.agifna2025.com 18 വർഷങ്ങൾക്ക് ശേഷമാണ് ടോറൊന്റോ പട്ടണത്തിൽ വീണ്ടും ഫാമിലി കോൺഫറൻസ് നടത്തുന്നത്. നാഷണൽ കൺവീനർ പാസ്റ്റർ ജോൺ തോമസിന്റെ (ടോറൊന്റോ, കാനഡ) നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു. പ്രശസ്തരായ ദൈവദാസന്മാർ പ്രസംഗിക്കും.

വെള്ളാപ്പള്ളിയുടെ പ്രസ്താവന അപലപനീയം: ക്രൈസ്തവ സംഘടനകൾ പ്രതിഷേധത്തിൽ

തിരുവല്ല: പെന്തെക്കോസ്തുകാർ പണം മുടക്കി വ്യാപകമായി മതമാറ്റം നടത്തുന്നു എന്ന വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവന അസത്യവും അപലപനീയവും ആണെന്ന് ഐപിസി ഗ്ലോബൽ മീഡിയ. ഓൺലൈനിൽ ചേർന്ന ഗ്ലോബൽ മീഡിയ സമ്മേളനത്തിൽ സാംകുട്ടി ചാക്കോ നിലമ്പൂർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട്, ജനറൽ ട്രഷറാർ ഫിന്നി പി മാത്യു, മാധ്യമ പ്രവർത്തകരായ അച്ചൻകുഞ്ഞ് ഇലന്തൂർ, പാസ്റ്റർ രാജു ആനിക്കാട്, ടോണി ഡി. ചെവൂക്കാരൻ, പാസ്റ്റർ സി.പി മോനായി, ഷാജി മാറാനാഥ, ഷിബു മുള്ളംകാട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ഒരു സമുദായ സംഘടനയുടെ നേതാവായ വെള്ളാപ്പള്ളിയുടെ പരാമർശം അത്യന്തം പ്രതിഷേധാർഹവും അപലപനീയവും ആണെന്നും വർഗീയ കലാപം ലക്ഷ്യമാക്കിയുള്ളതാണെന്നും പ്രമേയത്തിൽ പറഞ്ഞു. മതസൗഹാർദ്ദം തകർക്കുന്നതിനുള്ള രാഷ്ട്രീയ ലക്ഷ്യമാണ് വെള്ളാപ്പള്ളിയുടെ പ്രസ്താവനക്ക് പിന്നിലുള്ളത്. പെന്തെക്കോസ്തുകാർ പണം നൽകി മതപരിവർത്തനം നടത്താറില്ലെന്നും മറിച്ചുള്ള പ്രചരണം തെറ്റാണെന്നും പ്രസ്താവന



യിൽ ചൂണ്ടിക്കാട്ടി. പ്രലോഭിച്ചോ പണം നൽകിയോ മതം മാറ്റിയതിന് എന്തു തെളിവാണ് വെള്ളാപ്പള്ളിക്ക് ഉള്ളത്? മതേതര രാജ്യമായ ഭാരതത്തിന്റെ ഭരണഘടന നൽകുന്ന അവകാശങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ മാത്രമെ പെന്തക്കോസ്തു സമൂഹം നടത്താറുള്ളു. വർഗീയതയുടെ വിഷം ചീറ്റുന്ന വെള്ളാപ്പള്ളി ക്രൈസ്തവ സമൂഹത്തെ അപമാനിക്കുന്ന വ്യാജ പ്രസ്താവന പിൻവലിച്ച് മാപ്പ് പറയണമെന്നും യോഗം ആവശ്യപ്പെട്ടു.

വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവനക്കെതിരെ സർഗ്ഗസമിതി, പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ തുടങ്ങി, ക്രൈസ്തവ സാഹിത്യ അക്കാദമി തുടങ്ങി വിവിധ സംഘടനകൾ പ്രതിഷേധം അറിയിച്ചു.

സുവിശേഷത്തിന്റെ സമാന്തര രേഖകൾ

▪ അദ്ധ്യായം 15 ▪

അന്യഭാഷ പറയുന്ന ഒരു കള്ളനും ഒരുപാട് കള്ളന്മാരും



സജി പീച്ചി

കേരളത്തിലെ ഒരു മോഷ്ടാവിന്റെ അന്യഭാഷ കേട്ട് ദൈവജനം ഞെട്ടി. വെടിക്കെട്ട് അന്യഭാഷ. ആരും കേട്ട് ഇരുന്നുപോകുമെന്നു മാത്രമല്ല വിശ്വസിച്ചും പോകും. പിന്നീടാണ് ഇതിന്റെ നിജസ്ഥിതി മാലോകരറിയുന്നത്. പുതിയ നിയമ സഭയ്ക്ക് പരിശുദ്ധാത്മാവ് നാവിൽ കൊടുത്ത അടയാളമാണ് അന്യഭാഷ. ഇതൊരു സ്വർഗ്ഗീയ വരമാണെന്ന് പൗലോസ് ശ്ലീഹാ പറയുന്നു. ഭൂമിയിൽ ഇന്ന് ഏകദേശം മുവ്വായിരത്തോളം ഭാഷകളുണ്ട്. 19 ഭാഷകളിൽ അഞ്ചു കോടിയിലധികം പേർ സംസാരിക്കുന്നു. ആദിയിൽ ഭൂമിയിൽ എല്ലായിടത്തും ഒരു ഭാഷ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാലന്തരത്തിൽ എഴുപത് ജാതികളും അവർക്ക് എഴുപത് ഭാഷയും ഭൂമിയിൽ ഉണ്ടായിരുന്നതായി യഹൂദ റബ്ബിമാർ അവകാശപ്പെടുന്നു.

അബ്രഹാം കനാനിൽ നിന്ന് ഈജിപ്റ്റിലെത്തിയപ്പോൾ ഭാഷ അദ്ദേഹത്തിനൊരു പ്രശ്നമായില്ല. താൻ അവരുമായി ആശയവിനിമയം നടത്തി. എന്നാൽ യോസഫ് ഈജിപ്റ്റിലെത്തിയപ്പോൾ തനിക്ക് ഒരു ദ്വിഭാഷി വേണ്ടിവന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യന്മാർ പെന്തക്കോസ്ത് പെരുന്നാളിന് യെറുശലേമിൽ കൂടിവന്നു.അവരിലുണ്ടായ പരിശുദ്ധാത്മ പകർച്ചയിൽ അഗ്നി സമാനമായ പിളർന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവർ അന്യഭാഷകളിൽ സംസാരിച്ചു. ഈ വസ്തുത പുതിയ നിയമത്തിലെ ചരിത്ര ഗ്രന്ഥമായ അപ്പോസ്തോലന്മാരുടെ പ്രവർത്തികൾ എന്ന പുസ്തകത്തിൽ പ്രസ്താവിക്കുന്നു. തർസോസുകാരനായ പൗലോസും പഴയ ശ്ലീഹന്മാരും സഭയുടെ മേലദ്ധ്യക്ഷൻമാരും അന്യഭാഷ സംസാരിച്ചിരുന്നതായി ചരിത്ര ഗ്രന്ഥങ്ങളിൽ തെളിവുകളുണ്ട്. പെന്തക്കോസ്തു സഭാവിഭാഗങ്ങളും ചില പൗരോഹിത്യ സഭകളും വേർപെട്ട നവീകരണ ഉപദേശകരും അവരുടെ കൂട്ടായ്മകളിൽ അന്യഭാഷയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട്. വേർപെട്ട സമൂഹത്തിൽ ഒരു കൂട്ടർ അന്യഭാഷയെ നിശിതമായി വിമർശിക്കുന്നവരും തങ്ങളുടെ ആരാധനകളിലും പഠിപ്പിക്കലുകളിലും അവ നിഷേധിക്കയും ചെയ്യുന്നവരാണ്. അന്യഭാഷയുടെ അർത്ഥം മനസ്സിലാകുന്നില്ലെന്നതാണ് അവർക്കുമുള്ള ആക്ഷേപം.

അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നതെന്ന് പൗലോസ് ശ്ലീഹ പറയുന്നു. അവർ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു. എന്നാൽ സഭയിൽ വ്യാഖ്യാനി ഇല്ലെങ്കിൽ അവർ മൗനമായിരിക്കട്ടെ എന്നുള്ള പ്രസ്താവനയുടെ പിൻബലത്തിൽ ആരാധനയിൽ അന്യഭാഷ സംസാരിച്ചു കൂടാ എന്ന് അവർ നിഷ്ക്കർഷിക്കുന്നു. അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്ക് തന്നെ ആത്മീയ വർദ്ധന വരുത്തുന്നു. പരിശുദ്ധാത്മ ശക്തി വ്യാജമാണെന്നും അത് ആദിമ നൂറ്റാണ്ടിൽ നിന്നുപോയെന്നും പറഞ്ഞ് പരിശുദ്ധാത്മാവിന് ഇക്കൂട്ടർ പുറം തിരിഞ്ഞ് നിൽക്കുന്നു. തന്മൂലം ആ കൂട്ടായ്മയ്ക്ക് ജന സംഖ്യാനുപാതികമായ വളർച്ച യല്ലാതെ ആത്മീയ വളർച്ച ഉണ്ടാകുന്നില്ല എന്നതും ചിന്തനീയമായ വസ്തുതയത്രെ.

യഥാർത്ഥ വസ്തു ഉള്ളതുകൊണ്ടാണ് വ്യാജപ്പതിപ്പ് (ഡ്യൂപ്ലിക്കേറ്റ്) ഇറങ്ങുന്നത്.. നല്ല കറൻസി ഉള്ളത് കൊണ്ട് വ്യാജ നോട്ടുകൾ ഉണ്ടാകുന്നു. നല്ല ഡോക്ടർമാരുള്ളത് കൊണ്ട് വ്യാജ ഡോക്ടർമാർ വിലസുന്നു. നിയമപാലകന്റെ വേഷം കെട്ടുന്ന വ്യാജ പോലീസുകാർ, വ്യാജ ശുശ്രൂഷകന്മാർ, വ്യാജ പരസ്യങ്ങൾ, വ്യാജ വാഗ്ദാനങ്ങൾ എന്നു തുടങ്ങി എല്ലാ മേഖലകളിലും വ്യാജപ്പതിപ്പുകളുടെയും വ്യാജവസ്തുക്കളുടെയും കടന്നു കയറ്റമുണ്ട്. വ്യാജ മെസ്സേജ് നൽകി തെറ്റിദ്ധരിപ്പിച്ച് പണം കൈക്കലാക്കുന്നവരും വ്യാജ തിരിച്ചറിയലിൽ മറ്റുള്ളവരെ വഞ്ചിക്കുന്നവരും നമ്മുടെ ചുറ്റുപാടുണ്ട്.

ആത്മീയ ലോകത്തിലും വ്യാജന്മാരുണ്ട്. കള്ളപ്രവാചകന്മാരും, കള്ള ഉപദേഷ്ടാക്കന്മാരും കള്ള അപ്പോസ്തോലന്മാരും സമൂഹത്തിലും സഭയിലും വർദ്ധിച്ചിരിക്കുന്നു. ലോകമുണ്ടായ കാലം മുതൽ ഈ കള്ള നാണയങ്ങളുമുണ്ട്. സഭയിൽ അന്യഭാഷകളിൽ ദൈവത്തെ ആരാധിക്കുന്നവരുടെയും വിശുദ്ധ ജീവിതം നയിക്കുന്നവരുടെയും അനുപാതം താണുകൊണ്ടിരിക്കുന്നു.

ഇതിനിടയിൽ അന്യഭാഷയെ വികലമായി വ്യാഖ്യാനിച്ച് സിനിമ നിർമ്മിക്കുന്നവരും മിമിക്രി അവതരിപ്പിക്കുന്നവരും, ഹാസ്യ പരിപാടികൾ അരങ്ങേറുന്നവരും മറ്റൊരു ഭാഗത്ത്. കയ്യടി കിട്ടാൻ വായിൽ തോന്നുന്നതെല്ലാം വിളിച്ചു കൂവുന്നു. പിച്ചും പേയും വിളിച്ചു പറയുന്നവരാണ് പെന്തക്കോസ്ത് വിഭാഗങ്ങളെന്ന് ഇകഴ്ത്തി കാണിക്കാൻ ഇവർ അന്യഭാഷയെ കൂട്ട് പിടിച്ച് അതിനെ വികലമായി വ്യാഖ്യാനിച്ച് ചിത്രീകരിക്കുന്നു. ഈ മേഖലകളിൽ റേറ്റിംഗ് ഉണ്ടാക്കാൻ പെന്തക്കോസ്തിനെ ഇവർ കരുവാക്കുന്നു.

ഇതിനെതിരെ പ്രതികരിക്കാൻ ഒരു പെന്തക്കോസ്ത്കാരും മുതിരാത്തത് ഇവർക്ക് വളമാകുന്നു. പെന്തക്കോസ്തിനെ ഇകഴ്ത്തി കാണിക്കുകയാണ് ഇവരുടെ ഗൂഡ ലക്ഷ്യം.

യാതൊരു മടിയുമില്ലാതെ പെന്തകോസ്ത് സഭകളിൽ നുഴഞ്ഞു കയറി അന്യ ഭാഷയുടെ അകമ്പടിയോടെ പ്രവചനം നടത്തുന്ന കള്ളപ്രവാചകരുടെ സ്വർണ്ണ ഖനിയാണ് ഈ മേഖല. സഞ്ചാര സുവിശേഷകരാണ് ഇവരിൽ അധിക പങ്കും. ഇവരുടെയെല്ലാം ഉദ്ദേശ ലക്ഷ്യം സമ്പത്തീകം തന്നെ. എങ്ങനെയും പണമുണ്ടാക്കണം.

അടൂരിലെ മാല മോഷ്ടാവിന്റെ കാര്യമെടുക്കാം...! മൂപ്പർ ഈ പണി തുടങ്ങിയിട്ട് കുറച്ചു നാളായി.

ഉപദേശി വേഷം കെട്ടിയാൽ നല്ല സാധ്യതയുള്ള മേഖലയാണിതെന്ന് എങ്ങനെയൊ ഇദ്ദേഹം ഇതിനോടകം മനസ്സിലാക്കി. തന്റെ ചുറ്റുപാടിലുള്ള പെന്തകോസ്ത് വിശ്വാസികളെ അനുകരിച്ചു. അവരുടെ നടപ്പും വേഷവും ഭാഷയും അതേപടി പകർത്തി. നൂറു രൂപയുടെ ബൈബിളും ഒരു വെള്ള ഷർട്ടുമുണ്ടെങ്കിൽ ഈ മേഖല കീഴടക്കാമെന്ന വ്യാമോഹം ഉള്ളിൽ ഭരിച്ചു.

പാസ്റ്റർമാർക്ക് ഏത് വീട്ടിലും പ്രവേശനം സാധ്യമാണെന്നും നല്ല സ്വീകരണം ലഭിക്കുമെന്നും മനസ്സിലായി. അല്പം പാട്ടും പ്രാർത്ഥനയും പ്രസംഗ പാഠവവും, മേമ്പൊടിയായി രണ്ട് അന്യഭാഷയുമുണ്ടെങ്കിൽ സംഗതി ക്ലിക് ആകുമെന്ന് അയാൾ നിനച്ചു. അകത്തുള്ള പല പുള്ളികളും ഇങ്ങനെയാണ് പിടിച്ചു നിൽക്കുന്നത്. അല്പം പ്രവചനം കൂടെയുണ്ടെങ്കിൽ വിദേശത്ത് നല്ല അവസരങ്ങളുണ്ട്. വിദേശത്തേക്കു പറന്ന് കാടാറുമാസം നാടാറുമാസം അവിടെയും ഇവിടെയുമായി കഴിയുന്നവരുണ്ട്. ഒരു വരുമാനമാർഗ്ഗം.. സ്വയം തൊഴിൽ കണ്ടെത്തിയെന്ന ചാരിഥാർഥ്യവും. ഇവർ പറയുന്നത് യഥാർത്ഥ അന്യഭാഷയാണോ അല്ലയോ എന്നൊന്നും ശ്രദ്ധിക്കാൻ ആരും മെനക്കെടാറില്ല. പലരും ഉപദേശി വേഷം കെട്ടി വരുന്നവർക്ക് വീടിന്റെ അകത്തളത്തിൽ ആതിഥേയത്വമരുളും. മൃഷ്ടാന ഭോജനവും നല്ലൊരു യാത്രയയപ്പും കൂടെയായാൽ ബിസിനസ് സൂപ്പർ. എന്നാൽ ഇത്തരത്തിലുള്ള (വ്യാജ)പ്രവാചകന് അത് പോര...! അയാൾ ഇതിനോടകം പെണ്ണിലോ, പൊന്നിലോ കണ്ണ് വച്ചിട്ടുണ്ടാകും. അവിടെ നിന്നാണ് ദുരന്തം അരങ്ങേറുന്നത്. അടൂരും സംഭവിച്ചത് അതാണ്. ഇദ്ദേഹം എങ്ങനെയോ ഹൃദിസ്ഥമാക്കിയ അന്യ ഭാഷ അവിടെയും പ്രയോഗിച്ചു. മാലയിൽ കണ്ണുവെച്ചു. അതു പൊട്ടിച്ച് അയാൾ കടന്നുകളഞ്ഞു.

ഇന്നു സഭയ്ക്കകത്ത് കാണുന്നതും കേൾക്കുന്നതും ആയ അന്യഭാഷകൾ ഇത്തരത്തിലുള്ളതാണ്. ഇവയൊന്നും ആത്മ നിയോഗത്തോടെ പറയുന്നവയല്ല പ്രത്യുത നിന്നുളവാകുന്നതാണ്. കേട്ടു പഠിച്ചതോ പറഞ്ഞു ശീലിച്ചതോ ആയ അന്യഭാഷകൾ...! നമ്മുടെ വിശ്വാസി സമൂഹത്തിൽ ബഹുഭൂരിപക്ഷം പേരും പറയുന്ന അന്യ ഭാഷ ഇതൊക്കെത്തന്നെയാണ്. വളരെ ചുരുക്കം പേർ മാത്രമാണ് ആത്മ നിയോഗത്തോടെയും, ആത്മശക്തിയോടെയുമുള്ള അന്യഭാഷാ ഭാഷണം നടത്തുന്നത്. സഭയിൽ കൃപവരവുമായി വരുന്നവർ നടത്തുന്ന പ്രവചനവും പറയുന്ന അന്യഭാഷയും ആത്മാവിന്റേതാണോ പാരമ്പര്യത്തിന്റെ പഴക്കത്തിൽ നിന്നുള്ളതാണോ എന്നു വിവേചിക്കേണം. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. അവനാലല്ലോ നാം വീണ്ടെടുപ്പ് നാളിനായി മുദ്രയിട്ടിരിക്കുന്നത്. അടൂരിൽ അന്യഭാഷ പറഞ്ഞ് ആഭരണവുമായി കടന്നുകളഞ്ഞ കള്ളന്റെ ഭാഷയ്ക്ക് എബ്രായ, അറബി, ഗ്രീക്ക്, ഭാഷകളോട് സാമ്യമുണ്ടെന്ന് ചിലർ കണ്ടെത്തിയിട്ടുണ്ട്. റീക്കാൻ എന്ന എബ്രായ പദത്തിന് ശൂന്യത എന്നും ബാല എന്നാൽ മായിക്കപ്പെടുക എന്നും ബേട്ടാലാ എന്നാൽ അലസത ശൂന്യതയെന്നുമൊക്കെ ചിലർ സൂക്ഷ്മ പരിശോധന നടത്തിയിരിക്കുന്നു. ശബ്ബത്തിന് അറബി ഭാഷയിൽ വിശ്രമം എന്നർത്ഥമാണുള്ളത്. ബറൂയിച്ച് എന്നാൽ അനുഗ്രഹിക്കപ്പെടുക. . ഇതൊക്കെ ചേർന്നുള്ള ഒരു ഭാഷയാണ് ഇദ്ദേഹം പറഞ്ഞു പഠിച്ചു വച്ചിട്ടുള്ളത്. നമ്മുടെ ഇടയിൽ പലരും പ്രസ്താവിക്കുന്ന അന്യഭാഷയോട് ഏതാണ്ട് താദാത്മ്യം പുലർത്തുന്ന പദങ്ങളാണ് ഇദ്ദേഹവും പറഞ്ഞിട്ടുള്ളത്.

ഇദ്ദേഹം അന്യഭാഷ പുറത്താണ് പറഞ്ഞതെങ്കിൽ പലരും ഇതൊക്കെ അകത്തു പറഞ്ഞ് പണമുണ്ടാക്കുകയാണ്. അവർ ആരാലും പിടിക്കപ്പെടുന്നില്ല. കൂടു മാറി കൂടു മാറി വ്യാപാരം ചെയ്ത് പണമുണ്ടാക്കി ഒരു ദേശത്തുനിന്നും മറ്റൊരു ദേശത്തെക്കും വിദേശത്തേക്കും ചേക്കേറുന്നു എന്നത് മറ്റൊരു വിസ്മയിപ്പിക്കുന്ന യാഥാർഥ്യം...!

ആത്മീയ ലോകത്തിലും വ്യാജന്മാരുണ്ട്. കള്ളപ്രവാചകന്മാരും, കള്ള ഉപദേഷ്ടാക്കന്മാരും കള്ള അപ്പോസ്തോലന്മാരും സമൂഹത്തിലും സഭയിലും വർദ്ധിച്ചിരിക്കുന്നു. ലോകമുണ്ടായ കാലം മുതൽ ഈ കള്ള നാണയങ്ങളുമുണ്ട്. സഭയിൽ അന്യഭാഷകളിൽ ദൈവത്തെ ആരാധിക്കുന്നവരുടെയും വിശുദ്ധ ജീവിതം നയിക്കുന്നവരുടെയും അനുപാതം താണുകൊണ്ടിരിക്കുന്നു.

www.sdpathram.com
സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Chairman	:	James T. Samuel
Managing Editor	:	Joy Thumpamon
Chief Editor	:	Finny P. Mathew
Editorial Director	:	Oommen Ebenezer
General Editor	:	Pr. Sam T. Mukhathala
Circulation Manager	:	K. C. Jacob
Overseas Editors	:	Sunny Thazhampallom
		Sheenamol Joseph
General Coordinator	:	Pr. Binu Cheriyan
Coordinators	:	George Samuel
	:	Jose K. Varghese
	:	Anu Samuel
	:	Pr. Sajan Easo Plachery

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം





ഫിലിപ്പോസ് കുളക്കട
9605498870

സഹസ്രാബ്ദകാലത്തെ അവസ്ഥ

യിസ്രായേലിന്റെ അന്നത്തെ അവസ്ഥ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി സിയോനിലേക്കു വരും. നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദുഖവും നെടുവീർപ്പും ഓടിപ്പോകും (യെശ. 35:10). യഹോവയുടെ വിശുദ്ധന്മാർ ഉല്ലാസഘോഷത്തോടെ സീയോനിലേക്കു മടങ്ങിവരും. നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദുഖവും ഞരക്കവും ഓടിപ്പോകും (യെശ. 51:11). നാണത്തിനു പകരം നിങ്ങൾക്ക് ഇരട്ടിയായി പ്രതിഫലം കിട്ടും ലജ്ജക്കു പകരം അവർ തങ്ങളുടെ ഓഹരിയിൽ സന്തോഷിക്കും. അങ്ങനെ അവർ തങ്ങളുടെ ദേശത്ത് ഇരട്ടി അവകാശം പ്രാപിക്കും നിത്യാനന്ദം അവർക്ക് ഉണ്ടാകും (യെശ. 61:7).

സിയോനെക്കുറിച്ചുള്ള പ്രവചനങ്ങളെല്ലാം തങ്ങളെക്കുറിച്ചുള്ളതാണെന്നും സിയോൻ മല പുതിയ യെരുശലേമിന്റെ മുകളിലുള്ളതാണെന്നും അവിടെക്കാണു തങ്ങൾ പോയതെന്നുമൊക്കെ ജല്പനം ചെയ്യുന്നവരുണ്ട്. അതു ശരിയാകണമെങ്കിൽ പണ്ട് അവർ അവിടെയായിരുന്നെന്നും ഇപ്പോൾ അവിടെയല്ലെന്നും സമ്മതിക്കണം എങ്കിൽ മാത്രമേ സിയോനിലെത്തുന്നത് മടങ്ങിവരവാകയുള്ളൂ. അതുവിടുന്നു. സിയോൻ നഷ്ടപ്പെട്ടത് യിസ്രായേല്യർക്കാണ്. അവർ അവിടേക്ക് മടങ്ങി എത്തുമ്പോഴാണ് പ്രസ്തുത പ്രവചനങ്ങൾ നിറവേറുന്നത്.

രോഗങ്ങൾ ഉണ്ടാകയില്ല

ദുഖവും നെടുവീർപ്പും ഞരക്കവും എല്ലാം അവരെ വിട്ട് ഓടിപ്പോകും എന്ന് മുകളിൽ കുറിച്ച വാക്യങ്ങളിലുണ്ട്. അതിനുള്ള കാരണങ്ങളൊന്നും അന്നുണ്ടാകയില്ല എന്ന് അതിനാൽ തെളിയുന്നു. എങ്കിലും രോഗം ഉണ്ടാകയില്ലെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. എനിക്ക് ദീനം എന്ന് യാതൊരു നിവാസിയും പറകയില്ല (യെശ. 33:24). ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ച് നിനക്ക് ആരോഗ്യം വരുത്തും (യിരെ 30:17). ഇതാ ഞാൻ രോഗശാന്തിയും ആരോഗ്യവും വരുത്തി അവരെ സൗഖ്യമാക്കുകയും സമാധാനത്തിന്റെയും സത്യത്തിന്റെയും സമൃദ്ധി അവർക്ക് വെളിപ്പെടുത്തുകയും ചെയ്തു (യിരെ. 33:6).

യിസ്രായേൽ മുഴുവൻ നീതിമാന്മാരാകും

യിസ്രായേൽ മുഴുവനും നീതിമാന്മാരാകും (യെശ. 60:21). അവരുടെ സകല പാപങ്ങളും അകൃത്യങ്ങളും ക്ഷമിക്കപ്പെട്ടിരിക്കും (യെശ. 33:24-43:25, യിരെ. 31:34, 33:8, 50:20) യഹോവ അവരുടെ മേൽ നിർമ്മല ജലം തളിച്ച് അവരെ നിർമ്മലീകരിക്കും. (യെഹ. 34:25). അവരുടെ ഹൃദയത്തിനു രൂപാന്തരം വരുത്തും. (യെഹ. 11:19. 36:26). ദൈവാത്മാവിനെ അവരുടെ ഉള്ളിലാക്കും. (യെഹ. 11:19, 36:26 യെശ. 32:15) അവർ വിളിക്കുന്നതിനു മുമ്പ് ദൈവം ഉത്തരമരുളും (യെശ. 35:15).

സമ്പൽ സമൃദ്ധി

ദൈവം യിസ്രായേലിന്റെ അകൃത്യം മോചിക്കുകയും അവരെല്ലാം നീതിമാന്മാരാക്കുകയും ചെയ്യുന്നതോടുകൂടി തക്ക സമയത്തു മഴ ലഭിക്കും. നിലം അതിന്റെ വീര്യം നൽകും. വിളവു വർദ്ധിക്കും (യെശ. 30:33. യെഹെ. 34:26, 27, 34:28, സെഖ 8:12) കന്നുകാലികൾക്കു പോലും നല്ല ധാന്യങ്ങൾ ആഹാരമാകും (യെശ. 30:24).

ആലയവും ആരാധനവും

സഹസ്രാബ്ദത്തിൽ യെഹൂദന്മാർക്ക് ഒരു ദൈവാലയം ഉണ്ടായിരിക്കും അതേപ്പറ്റിയുള്ള വിവരണം (യെഹെ 40:44) അദ്ധ്യായങ്ങളിൽ കാണുന്നു. ദാവീദു രാജാവിന്റെ കാലത്തെ സദോക്കിന്റെ സന്തതി പരമ്പരയിൽപ്പെട്ടവരായിരിക്കും പുരോഹിതന്മാർ (യെഹെ. 44:15). പെസഹാ പെരുന്നാളും കൂടാരപ്പെരുന്നാളും അനുഷ്ഠിക്കും. (യെഹെ. 45:21-25, സെഖ. 14:16-17). വിഗ്രഹാരാധന ഉണ്ടായിരിക്കുകയില്ല. (ഹോശ. 2:17, സെഖ 13:2). ജാതികൾ യഹോവയേ ആരാധിക്കും (യെശ. 2:2-3. സെഫ 2:11 സെഖ. 14:16-17).

ജന്തുലോകം

അന്നാളിൽ ഞാൻ അവർക്കുവേണ്ടി കാട്ടിലെ മൃഗങ്ങളോടും ആകാശത്തിലെ പക്ഷികളോടും നിലത്തിലെ ഇഴജാതികളോടും ഒരു നിയമം ചെയ്യും. (ഹോശ 2:18) അതിന്റെ ഫലമാണ് (യെശ. 11:6-9) പറയുന്നത്. ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും, പുള്ളിപ്പുലി കോലാടുകൊറ്റനോടു കൂടെ കിടക്കും, പശുക്കിടാവും ബാലസിംഹവും കൊഴുത്ത മൃഗവും ഒരുമിച്ചു പാർക്കും ഒരു ചെറിയ കുട്ടി അവയെ നടത്തും പശു കരടിയോടുകൂടെ മേയും, അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും, സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും, മുല കുടിക്കുന്ന ശിശു സർപ്പത്തിന്റെ മാളത്തിൽ കളിക്കും മുല കുടി മാറിയ പൈതൽ സർപ്പത്തിന്റെ പൊത്തിൽ കൈ ഇടും, സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ട് നിറഞ്ഞിരിക്കയാൽ എന്റെ വിശുദ്ധ പർവതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്യുകയില്ല.

യിസ്രായേൽ കാത്തിരിക്കുന്ന അവരുടെ അത്യന്തീക ഭാവിരാജ്യമല്ല മുകളിൽ കുറിക്കപ്പെട്ടത് അതിന്റെ നിഴൽ മാത്രമാണ്. സഹസ്രാബ്ദയുഗം അവർ കാത്തിരിക്കുന്ന അത്യന്തീക ഭാവി പുതിയ ആകാശവും പുതിയ ഭൂമിയുമാണ്. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു പുതിയ ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന പുതിയ യെരുശലേമാണ് അബ്രഹാം ദൂരവേ ദർശിച്ചതും കൈപ്പണിയല്ലാത്തതും ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനമുള്ളതുമായ നഗരം. സഹസ്രാബ്ദയുഗത്തിനും പുതിയ ആകാശവും പുതിയ ഭൂമിയും ആവിർഭവിക്കുന്നതിനും ഇടയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളുടെ സംക്ഷേപം കുറിച്ചശേഷം അതിലേക്കു കടക്കാം.

സാത്താനെ അഴിച്ചുവിടും

ആയിരം ആണ്ടു കഴിയുമ്പോൾ സാത്താനെ തടവിൽ നിന്ന് അഴിച്ചുവിടും (വെളി. 20:7). അല്പകാലത്തേക്കാണ് അഴിച്ചു വിടുന്നത് (വാ. 3). എത്രകാലത്തേക്ക് എന്ന് പറഞ്ഞിട്ടില്ല. അക്കാലത്തു അവർ ഭൂമിയിൽ പരക്കെ ചെന്ന് നാലു ദിക്കിലുള്ള സംഖ്യയിൽ കടപ്പുറത്തെ മണൽ പോലെ ജാതികളെ വശീകരിച്ച് കൂട്ടിക്കൊണ്ടു വന്ന് വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും. അതിനു ചില ദിവസങ്ങളൊ ആഴ്ചകളോ മതിയാകുകയില്ലല്ലോ. അവിടെ ഒരു യുദ്ധം ഉണ്ടാകുകയില്ല. ആകാശത്തുനിന്ന് തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും (വെളി. 20:7-10). സഹസ്രാബ്ദയുഗത്തിൽ ജാതികൾ അടങ്ങി പാർത്തത് അവർക്ക് ഏതെങ്കിലും വിധത്തിൽ ജനിതക മാറ്റം സംഭവിച്ചതല്ല. അവരെ വശീകരിച്ച് തെറ്റിക്കാൻ സാത്താൻ ഇല്ലാതിരുന്നതുകൊണ്ടാണെന്ന് അതിനാൽ തെളിയുന്നു.

ഭൂമിയുടെയും ആകാശത്തിന്റെയും ഓടിപ്പോക്കും മരിച്ചവരുടെ ഉയിർപ്പും ന്യായവിധിയും അവിടെ വധിക്കപ്പെടുന്ന മരിച്ചവർ ഏതവസ്ഥയിലാണെന്ന് സിംഹാസനത്തിനു മുമ്പിൽ നിൽക്കുന്നത് എന്നതും അവരെ ഏല്പിച്ചുകൊടുക്കുന്ന സ്ഥലങ്ങളും ഒരു സമസ്യയാണ്. സിംഹാസനസ്തൻ ഇരിക്കുന്നതും മരിച്ചവർ നിൽക്കുന്നതും ഭൂമിയല്ല, ഭൂമിയുടെ വായു മണ്ഡലത്തിലുമല്ല. ഭൂമിയും ആകാശവും അതിനു മുമ്പ് ഓടിപ്പോകും (അവിടെ ആകാശം എന്നു പറയുന്നത് ഭൂമിയുടെ വായുമണ്ഡലത്തെയാണ്). മരിച്ചവരുടെ ആത്മാക്കൾ എന്നല്ല മരിച്ചവർ എന്നാണു പറയുന്നത്. അവർ ദൃശ്യരായിട്ടാണ് നിൽക്കുന്നത് എന്ന് വ്യക്തം അവർ മാംസവും രക്തവുമുള്ള ശരീരത്തിലുമായിരിക്കയില്ല. മാംസവും രക്തവും തീപ്പൊയ്കയിൽ നിലനിൽക്കയില്ല. വിശുദ്ധന്മാർ ക്രിസ്തു തുല്യരായി ഉയിർക്കുന്നതുപോലെ ദുഷ്ടന്മാർ സാത്താന്യ തുല്യരായിട്ട് ഉയിർത്തെഴുന്നേറ്റായിരിക്കും ന്യായം വിധിക്കപ്പെടുന്നത്.

മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു മരണത്തേയും പാതാളത്തേയും തീപ്പൊയ്കയിൽ തള്ളിയിട്ടു. (20:13-14) അവിടുത്തെ മരണം എന്ന പദത്തിന്റെ വിവക്ഷ എന്തായിരിക്കും! പാതാളത്തെപ്പോലെ തന്നെ മരണത്തെയും ഒരു സ്ഥലമായിട്ടാണ് അതിന്റെ ആദ്യഭാഗം ചിത്രീകരിക്കുന്നത്. അങ്ങനെ ഒരു സ്ഥലമുണ്ടോ? ഉണ്ടെങ്കിൽ അത് എവിടെയാണ്? എന്നെല്ലാം മനസ്സിലാക്കാൻ സൂക്ഷ്മ പഠനം ആവശ്യമാണ്. മരണം എന്നൊരു സ്ഥലമുണ്ടോ?

മരണത്തിലേക്കും സകല ജീവികളും ചെന്നു ചേരുന്ന വീട്ടിലേക്കും നീ എന്നെ കൊണ്ടുപോകുമെന്ന് ഞാൻ അറിയുന്നു. (ഇയ്യോ 30:23). ഇയ്യോബിനെ ദൈവം കൊണ്ടുപോകുന്നത് രണ്ടു സ്ഥലത്തേക്കാണ്. അതിലൊന്നു വിശുദ്ധന്മാരുടെ ആത്മാക്കൾ ചെന്നു ചേരുന്ന പറുദീസയും (മുകളിലത്തെ പാതാളം) മറ്റൊന്ന് സകല ജീവികളും ചെന്നെത്തുന്ന മണ്ണുമാണ് (ഉല്പ. 3:9 ഇയ്യോ. 21:26, 34:15 സങ്കീ. 104:29). മരത്തിന്റെ പൊടി എന്നും കാണുന്നു. പറഞ്ഞാൽ മനുഷ്യരുടെ മണ്ണിൽ ലയിച്ച ശരീരം മണ്ണുകൊടുത്തു എന്നും പാതാളം തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു എന്ന് പറഞ്ഞാൽ പാതാളത്തിലായിരുന്ന മനുഷ്യാത്മാക്കളെ പാതാളം ഏല്പിച്ചു കൊടുത്തു എന്നും വിവക്ഷ.

മരണത്തെ തീപ്പൊയ്കയിൽ തള്ളിയിട്ടു എന്നുള്ളതിനെ രണ്ടു വിധത്തിൽ വ്യാഖ്യാനിക്കാം 1. ഭൂമിയുടെ ഉപരിതലം കത്തിയെരിയുന്നതിനെ തീപ്പൊയ്ക എന്നു പറയുന്നു. 2. മരണത്തിന്റെ അധികാരിയായ പിശാചിനെ തീപ്പൊയ്കയിൽ തള്ളിയിടുന്നതിനെയും അങ്ങനെ പറയാം.

ന്യായവിധിക്കാധാരമായ പുസ്തകങ്ങൾ

പുസ്തകങ്ങൾ തുറന്നു, ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. (20:12). പുസ്തകങ്ങളെ രണ്ടായി തിരിച്ചിരിക്കുന്നു. 1. പുസ്തകങ്ങൾ 2. ജീവന്റെ പുസ്തകം ജീവന്റെ പുസ്തകത്തിൽ പേരില്ലാത്തവരെയാണ് തീപ്പൊയ്കയിൽ തള്ളിയിടുന്നത് (21:27). അവിടെ വിധിക്കപ്പെടുന്ന ആരെയും ജീവനിലേക്ക് വിടുന്നതായി കാണുന്നില്ലാത്തതിനാൽ ആ പുസ്തകങ്ങൾ തുറന്നത് അവിടെ വിധിക്കപ്പെടുന്നവരാരും ജീവന്റെ പുസ്തകത്തിൽ പേരുള്ള വരല്ല എന്ന് ഉറപ്പുവരുത്താനാണെന്ന് അതിനാൽ ഗ്രഹിക്കാം. പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് അനുസരിച്ചാണ് വിധിയുണ്ടായത്. ഓരോരുത്തരുടെയും പ്രവർത്തികൾ സ്വർഗ്ഗത്തിൽ എഴുതുന്നുവെന്ന് അതിനാൽ തെളിയുന്നു. തീപ്പൊയ്കയിലും യാതനകൾ കൂടിയ സ്ഥലങ്ങളും കുറഞ്ഞ സ്ഥലങ്ങളുമുണ്ടെന്നുള്ളതിന് നിരവധി തെളിവുകൾ ബൈബിളിലുണ്ട്.

എന്നാൽ ഒരു കാര്യം പ്രത്യേകം പരാമർശിക്കേണ്ടതുണ്ട് അവിടെ ഏറ്റവും കടുത്ത യാതനാസ്ഥലത്തേക്കു പോകുന്നത് കപട ഭക്തരും അവിശ്വസ്തർക്കുമായിരിക്കും. അതിനു യേശുകർത്താവു പറഞ്ഞ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. കപട ഭക്തർക്ക് ഏറ്റവും വലിയ ശിക്ഷാവിധി ഉണ്ടാകുമെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. (മർക്കൊ 12:40 ലൂക്കോ 20:47) അതു ഉപമകളിൽകൂടെയും കർത്താവ് പറഞ്ഞിട്ടുണ്ട്. രാജ പുത്രന്റെ കല്യാണ വിരുന്നു ശാലയിൽ കല്യാണ വസ്ത്രമില്ലാതെ പ്രവേശിച്ചവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുവാൻ രാജാവ് കല്പിച്ചു (മത്താ. 22:13). തന്റെ വീട്ടുകാർക്ക് തക്കസമയത്ത് ആഹാരം കൊടുക്കേണ്ടതിന് യജമാനൻ നിയമിച്ച ദാസൻ അവിശ്വസ്തനായാൽ അവന് കപട ഭക്തരോടു കൂടെ പങ്ക് കല്പിക്കും (മത്താ 24:48-51). കപടഭക്തർക്ക് ലഭിക്കുന്ന ശിക്ഷ ഏറ്റവും വലുതായിരിക്കും എന്ന് മുകളിൽ കുറിച്ചല്ലോ. താലന്ത് ഏറ്റുവാങ്ങിയിട്ടു അതു വ്യാപാരം ചെയ്യാതെ നിലത്തു കുഴിച്ചിട്ട ദാസനെ ദുഷ്ടനും മടിയനും കൊള്ളരുതാത്തവനുമായ ദാസൻ എന്നു യജമാനൻ പറഞ്ഞു. അവനേയും ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കാണ് തള്ളിക്കളയുന്നത് (മത്താ. 25:24-30).

കർത്താവ് ഉപമകൾ പറഞ്ഞതു പഴയ നിയമ പശ്ചാത്തലത്തിലാണ്. പഴയനിയമ വിശുദ്ധന്മാർ കുഞ്ഞാടിന്റെ കല്യാണ സദ്യക്കു ക്ഷണിക്കപ്പെട്ടവരാണ്. പുതിയ നിയമ സഭ ക്രിസ്തുവിനുവേണ്ടി വിവാഹ നിശ്ചയം ചെയ്യപ്പെട്ട കന്യകയാണ്. പഴയ നിയമ യിസ്രായേലിനെ യഹോവയുടെ ഭാര്യയായി ചിത്രീകരിച്ചിട്ടുണ്ട്. അവൾ പരസംഗത്താൽ തന്നെത്താൻ വഷളാക്കി. അതിനാൽ യഹോവ അവളെ ഉപേക്ഷിച്ചു. എന്നാൽ നിർമ്മലത സൂക്ഷിക്കുന്ന ഒരു രക്ഷിതഗണം ഉണ്ടായിരുന്നു. ഇപ്പോഴുമുണ്ട്, ഭാവിയിലും ഉണ്ടായിരിക്കും. അവൾക്കുവേണ്ടിയുള്ളതാണ് എല്ലാ വാഗ്ദാനങ്ങളും.

പുതിയനിയമ സഭ ആയിരക്കണക്കിന് സംഘടനകളായി പിരിഞ്ഞു പരസ്പര ശത്രുക്കളായിട്ടാണു നിലനില്പ്. അതിൽ പാരമ്പര്യവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭ എന്നവകാശപ്പെടുന്നവരാണ്. പൗരോഹിത്യ രഹിത സഭകൾ പൊതുവേ അങ്ങനെ അവകാശപ്പെടുന്നില്ല. എന്നാൽ തങ്ങൾ മാത്രമാണ് അപ്പോസ്തോലിക സഭ എന്നവകാശപ്പെടുന്ന ചില വിഭാഗങ്ങളുണ്ട്. പ്രസ്തുത അവകാശവാദങ്ങളെല്ലാം പൊള്ളയാണ്. അതേപ്പറ്റി വിശദീകരണത്തിലേക്കു കടക്കുന്നില്ല.പുതിയ നിയമ സഭയെപ്പറ്റി പൊതുവേ പറഞ്ഞാൽ അവളും ചാരിത്ര്യ ശുദ്ധി നഷ്ടപ്പെടുത്തി. യിസ്രായേലിനെപ്പറ്റി മുകളിൽ പറഞ്ഞതുപോലെ സഭയിലും ഒരു രക്ഷിതഗണം നിലനിൽക്കുന്നുണ്ട് അവരാണ് യേശുവിന്റെ കാന്തയാകുന്നത് അതിൽ താൻ ഉൾപ്പെടുമോ എന്ന് ഓരോരുത്തരും പരിശോധിക്കേണ്ടതാണ്. സ്വർഗ്ഗാരോഹണം ചെയ്യുന്നത് സഭയായിട്ടല്ല, വ്യക്തികളായിട്ടാണ്. എല്ലാ സഭകളിൽ നിന്നും സ്വർഗ്ഗത്തിലെത്തുന്നവരുണ്ടായിരിക്കും.

വ്യക്തികളായിട്ടാണ് എല്ലാ വർഷവും സഭകളിൽ നിന്നും സ്വർഗ്ഗത്തിലെത്തുന്നവരുണ്ടായിരിക്കുമെന്ന് പഠിപ്പിക്കുന്നവരുണ്ടെങ്കിൽ ദുരുപദേശ പ്രസ്ഥാനങ്ങളിൽ നിന്നും ആരെങ്കിലും സ്വർഗ്ഗത്തിലെത്തുമെന്ന് സമ്മതിക്കാൻ എനിക്കു കഴിയുകയുമില്ല. അങ്ങനെ സംഭവിക്കുമെങ്കിൽ ഉപദേശ വിശുദ്ധിക്കും വേർപാടിനും വിലയില്ലാതെ വരും. (തുടരും)

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

കാലികം

വെള്ളാപ്പള്ളിയുടെ വെർബൽ ഡയേറിയയും പെന്തക്കോസ്ത്കാരുടെ മതമാറ്റവും



ജെയ്സ് പാണ്ടനാട്
9847340246

പെന്തക്കോസ്ത് സഭകൾ പണം നൽകി നിർബന്ധിതമായി മതം മാറ്റുന്നുവെന്ന എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവന വാസ്തവ വിരുദ്ധവും ചരിത്രത്തിലുള്ള അദ്ദേഹത്തിന്റെ അജ്ഞത വെളിപ്പെടുത്തുന്നതുമാണ്. എന്നും മീഡിയയിൽ തലക്കെട്ട് ഉണ്ടാക്കാൻ ഇത്തരം ജല്പനങ്ങൾ ഇദ്ദേഹം നടത്താറുണ്ട്. ഇത് ഒരു തരം Attentionseeking syndrome ആണ്. പെന്തകോസ്ത് സഭകൾ ആളുകൾക്ക് അംഗത്വം നൽകുന്നതിന് സൂഷ്മവും വ്യവസ്ഥാപിതമായ നടപടി ക്രമങ്ങളും കാറ്റക്കിസവും ഉണ്ടെന്നിരിക്കെ നിർബന്ധിച്ചും പ്രലോഭിച്ചുമുള്ള മതപരിവർത്തനം അസാധ്യമാണ്. ഇഷ്ടംപോലെ തൊഴിൽ സ്ഥാപനങ്ങളും മൈക്രോ ഫിനാൻസ് പദ്ധതികളും ഉണ്ടായിട്ടും അങ്ങയുടെ സമുദായ അംഗങ്ങൾ പെന്തകോസ്ത് സഭകളിൽ ചേരുന്നെങ്കിൽ അതിന്റെ കാരണം അങ്ങ് അന്വേഷിക്കണം.

മതം മാറ്റവും ഭരണഘടനയും

മതപരിവർത്തനം ഈ രാജ്യത്ത് കുറ്റകരമായ ഒരു പ്രവൃത്തിയല്ല. രാജ്യത്തിന്റെ ഭരണ ഘടന നൽകുന്ന അവകാശമാണ്. ആർട്ടിക്കിൾ 14,17,19 സമത്വത്തിനും അയിത്തം ഇല്ലാതാക്കുന്നതിനും അഭിപ്രായം പറയാനും അവകാശം നൽകുന്നുണ്ട്. ആർട്ടിക്കിൾ 25,26 മതസ്വാതന്ത്ര്യം നൽകുന്നു. ആർക്കും മന:സാക്ഷിക്കും തങ്ങൾക്ക് ഇഷ്ടമുള്ള മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും മതസ്ഥാപനങ്ങൾ നടത്താനുമുള്ള സ്വാതന്ത്ര്യം ഉണ്ട്. ആർട്ടിക്കിൾ 29,30 ന്യൂന പക്ഷങ്ങൾക്ക് ഉള്ള അവകാശങ്ങൾ ആണ്. ഇത് ആരുടെയും ഔദാര്യമല്ല. ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കുന്നത് വ്യക്തി സ്വാതന്ത്ര്യം ആണ്. മതപരിവർത്തന നിരോധന നിയമങ്ങൾ ഭരണഘടനാ വിരുദ്ധമാണ്. ഒറീസ മുൻ ചീഫ് ജസ്റ്റീസ് ഡോ. മുരളീധർ അടക്കമുള്ള പല നിയമ പണ്ഡിതർ ചൂണ്ടി കാണിച്ചിട്ടുണ്ട്. ഇത് മതം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കലാണ്.

വെള്ളാപ്പള്ളിയുടെ പ്രസ്താവന മത സ്പർദ്ധ ഉണ്ടാക്കുന്നതും അപര സമുദായത്തിന് മാനഹാനി ഉണ്ടാക്കുന്നതും ആണ്. പണം നൽകി മതം മാറ്റുന്നു എന്ന ആരോപണം മതിയായ തെളിവുകൾ ഇല്ലാതെയാണ് ഉന്നയിക്കുന്നത്. ആയതിനാൽ ഈ വിഷയത്തിൽ കേസ് എടുക്കാനുള്ള നിയമപരമായ സാധ്യത ഉണ്ട്.

മതപരിവർത്തനത്തിന്റെ ചരിത്രവും വർത്തമാനവും

മതം മാറ്റം ഈ രാജ്യത്ത് ആദ്യം നടക്കുന്ന സംഭവമല്ല. അശോകചക്രവർത്തി അനുയായികളുമായി ബുദ്ധമതത്തിലേക്ക് മതം മാറിയിട്ടുണ്ട്. മുഗൾ ചക്രവർത്തിമാരുടെ കാലത്ത് രജപുത്രന്മാർ ഇസ്ലാമിലേക്ക് മാറിയിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ മതംമാറ്റം 1956 ഒക്ടോബർ 14 ന് 6 ലക്ഷം അനുയായികളുമായി ഡോ. ബി ആർ അംബേദ്കർ ബുദ്ധമതത്തിലേക്ക് മതം മാറിയതാണ്. അതിന്റെ വാർഷികത്തിൽ ലക്ഷക്കണക്കിന് ആളുകൾ മതം മാറി. വട്ടമേശ സമ്മേളനത്തിലാണ് ഗാന്ധിയുടെ സാന്നിധ്യത്തിൽ 'ഞാൻ ഹിന്ദുവായി ജനിച്ചു ഹിന്ദുവായി മരിക്കില്ല 'എന്ന പ്രഖ്യാപനം നടത്തിയത്. അദ്ദേഹത്തിന്റെ എന്തുകൊണ്ട് ഞാൻ ഹിന്ദുമതം വിട്ടു?, അധഃസ്ഥിതർ ഹിന്ദുക്കൾ അല്ല?, ഹിന്ദുമതത്തിലെ പ്രഹേളികകൾ, Annihilation of caste എന്നീ പുസ്തകങ്ങൾ വായിക്കുക. മതം മാറ്റത്തെ സാമൂഹിക വിമോചനത്തിന്റെ ഉപകരണമായി പ്രയോഗിച്ച ആളാണ് ഡോ. അംബേദ്കർ.

തമിഴ്നാട്ടിലെ ഒരു ഗ്രാമം (റഹമത്തുള്ള ഗ്രാമം) മുഴുവൻ ഇസ്ലാമിലേക്ക് മാറിയിരുന്നു. ഗാന്ധിയുടെ മകൻ ഹരിലാൽ ഇസ്ലാം മതം സ്വീകരിച്ചു. ബാലചന്ദ്രൻ ചുള്ളിക്കാട് ബുദ്ധമതവും മാധവിക്കുട്ടി ഇസ്ലാം മതവും സ്വീകരിച്ചിരുന്നു. ഇതൊക്കെ വ്യക്തികളുടെ സ്വാതന്ത്ര്യം ആണ്.

ഇക്കാലത്ത് മതം മാറ്റങ്ങൾ വിവാദമാകാൻ കാരണം രാഷ്ട്രീയ സ്ഥാപനങ്ങൾ മതത്തിൽ ഇടപെടാൻ തുടങ്ങിയതുകൊണ്ടാണ്. മതത്തിന്റെ രാഷ്ട്രീയ സാധ്യതകളാണ് വിവാദങ്ങൾ ഉണ്ടാക്കുന്നത്.

എന്തുകൊണ്ട് ഈഴവർ മതം മാറുന്നു?

രാജ്യത്തെ പിന്നോക്ക – ദലിത് – ആദിവാസി – ഗോത്ര വിഭാഗങ്ങൾ ക്രൈസ്തവ മതം സ്വീകരിക്കാൻ ഉണ്ടായ സാമൂഹിക – രാഷ്ട്രീയ സാഹചര്യം ചരിത്ര ബോധമുള്ള എല്ലാവർക്കും അറിയാം. വർണ്ണ വ്യവസ്ഥയുടെ അതിക്രൂരമായ അടിച്ചമർത്തൽ അനുഭവിച്ച അടിമ ജനത സമത്വ ദർശനം തേടി ക്രൈസ്തവ മതം സ്വീകരിക്കുകയായിരുന്നു. പാമ്പിനും പട്ടിക്കും പഴുതാരക്കും സ്വാതന്ത്ര്യമുള്ള നാട്ടിൽ വഴിനടക്കാനും മാറ് മറക്കാനും പള്ളിക്കൂടത്തിൽ കയറാനും ഇഷ്ട ദേവനെ ദർശിക്കാനും വിലക്കപ്പെട്ടിരുന്നു. മനുവാദി നിയമങ്ങളുടെ ഉരുക്കുമുഷ്ടിയിൽ ഞെരിഞ്ഞമർന്ന അടിയാള സമൂഹം അവരെ സഹോദരനായി കണ്ട മതത്തെ ആശ്ലേഷിക്കുന്നതിൽ എന്താണു തെറ്റുള്ളത്.

മതം മാറ്റത്തെ ശ്രീനാരായണ ഗുരു അംഗീകരിച്ചിരുന്നു

1925 മാർച്ചിൽ നടന്ന ഗാന്ധി-ഗുരു കൂടിക്കാഴ്ചയിൽ മതപരിവർത്തനം ചർച്ചയായി. ഗാന്ധി ചോദിച്ചു,

അദ്ധ്യാത്മികമായ മോക്ഷലാഭത്തിന് ഹിന്ദുമതം മതിയാകുമെന്നു സ്വാമി വിചാരിക്കുന്നുണ്ടോ... ഗുരുവിന്റെ ഉത്തരം, ഇതര മതങ്ങളിലും മോക്ഷമാർഗ്ഗം ഉണ്ടല്ലോ എന്നായിരുന്നു. ഗാന്ധിയുടെ അടുത്ത ചോദ്യം, മതപരിവർത്തനം ചെയ്യണമെന്നും സ്വാതന്ത്ര്യലബ്ധിക്ക് അതാണ് ശരിയായ വഴിയെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. സ്വാമിജി അതിന് അനുവാദം നൽകുന്നുണ്ടോ?

ഗുരുവിന്റെ ഉത്തരം: മതപരിവർത്തനം ചെയ്യുന്നവർക്ക് സ്വാതന്ത്ര്യം ലഭിച്ചുവരുന്നതായി കാണുന്നുണ്ട്.അതു കാണുമ്പോൾ ജനങ്ങൾ മതപരിവർത്തനം നന്നെന്നു പറയുന്നതിൽ അവരെ കുറ്റപ്പെടുത്താനില്ല എന്നതായിരുന്നു. 1925 ൽ സി വി കുഞ്ഞിരാമനുമായി നടത്തിയ അഭിമുഖത്തിൽ 'ഹിന്ദുമതം എന്നൊരു മതം തന്നെ ഇല്ലല്ലോ' എന്ന് ഗുരു പറയുന്നുണ്ട്. രാമാദികളുടെ കാലത്ത് ആയിരുന്നെങ്കിൽ എനിക്ക് ശമ്പുകന്റെ ഗതി വരുമായിരുന്നു എന്ന് ഗുരു പറഞ്ഞിട്ടുണ്ട്.

ഗുരുവിനെ ക്രിസ്തുമതത്തിലേക്ക് പരിവർത്തിപ്പിക്കാൻ വന്ന വ്യക്തിയോട് 'നാം നേരത്തെ തന്നെ ക്രിസ്തുവിലാണല്ലോ 'എന്ന ഗുരുവിന്റെ മറുപടി ശ്രദ്ധേയമാണ്.

ലോകമഹായുദ്ധത്തിൽ ബ്രിട്ടൺ ജയിക്കാൻ നമ്മൾ പ്രാർത്ഥിക്കണം നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാരാണ് എന്ന് ഗുരു പറയുന്നുണ്ട്. സനാതന വാദികൾ നാട് ഭരിച്ചാൽ അവർ മനുസ്മൃതി നോക്കിയല്ലെ നാട് ഭരിക്കുക എന്നും അവിടെ നമുക്ക് നീതി കിട്ടുമോയെന്നും ഗുരു പറയുന്നുണ്ട്.

1091 ഇടവം 15 നാണ് നമുക്ക് ജാതിയില്ല എന്ന വിളംബരം ഗുരു പ്രബുദ്ധകേരളം മാസികയിൽ പ്രസിദ്ധീകരിച്ചത്.

'നാം ജാതി മതഭേദങ്ങൾ വിട്ടിട്ട് ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചില പ്രത്യേക വർഗക്കാർ നമ്മെ അവരുടെ വർഗത്തിൽ പെട്ടതായി വിചാരിച്ചും പ്രവർത്തിച്ചും വരുന്നതായും അത് ഹേതുവാൽ പലർക്കും നമ്മുടെ വാസ്തവത്തിന് വിരുദ്ധമായ ധാരണക്കിടവന്നിട്ടുണ്ടെന്നും അറിയുന്നു. നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല. വിശേഷിച്ചും നമ്മുടെ ശിഷ്യവർഗത്തിൽ നിന്നും മേൽ പ്രകാരമുള്ളവരെ മാത്രമേ നമ്മുടെ പിൻഗാമിയായി വരത്തക്കവിധം ആലുവ അദ്വൈതാശ്രമത്തിൽ ശിഷ്യസംഘത്തിൽ ചേർത്തിട്ടുള്ളൂ എന്നും മേലിലും ചേർക്കു എന്നും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതുമാകുന്നു. ഈ വസ്തുത പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധം ചെയ്തിരിക്കുന്നു'.

ഡോ. അംബേദ്കർ എഴുതിയ വാല്യങ്ങളിൽ ദളിതരുടെ മതം മാറ്റത്തെ പിന്തുണക്കുന്നുണ്ട് (Dr. B R Ambedkar: writings & speeches, മഹാരാഷ്ട്രാ സർക്കാർ പ്രസിദ്ധീകരിച്ച എല്ലാ വാല്യങ്ങളും മലയാളത്തിൽ ലഭ്യമാണ്). സ്കോട്ടിഷ് മിഷനറിമാരുമായി ഡോ. അംബേദ്കറിന് നല്ല ബന്ധം ഉണ്ടായിരുന്നു. സഹോദരൻ അയ്യപ്പൻ പറയുന്നത് 'ഒരു അടിമ കാലപ്പഴക്കം കൊണ്ട് ചങ്ങല തന്റെ സ്വന്തം ആണെന്ന് പറയുന്നത് പോലെ ആണ് ഈഴവൻ ഹിന്ദു എന്ന് പറയുന്നത് എന്നാണ്'. സി കേശവന്റെ ആത്മകഥ(ജീവിത സമരം) വായിച്ചാൽ കാര്യങ്ങൾ ബോധ്യപ്പെടും.

അദ്ദേഹം പറയുന്നു, 110 കരങ്ങൾ പിരിച്ച നാടായിരുന്നു ഇത്. സവർണ്ണരുടെ പീഡനങ്ങളിൽ നിന്നും രക്ഷപെടാൻ വേണ്ടി ദലിതർ സ്വർഗ്ഗം തേടി പോയെങ്കിൽ തെറ്റ് എന്താണ്..'.

കേരളാ കൗമുദി പത്രാധിപരും SNDP മുൻ സെക്രട്ടറി ആയിരുന്ന സി വി കുഞ്ഞിരാമൻ 1936-ൽ കോട്ടയം സിഎംഎസ് പ്രസിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച 'ഈഴവ മതപരിവർത്തന സംരംഭം' എന്ന ലഘുലേഖ വായിക്കണം. ഈഴവർ എന്തുകൊണ്ട് മതംമാറണം എന്ന് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ടി കെ മാധവന് എതിരെ ഉള്ള ക്ഷേത്രാശുദ്ധി കേസിനെ കുറിച്ചും ഇതിൽ പരാമർശിക്കുന്നുണ്ട്. ഇ. മാധവൻ എഴുതിയ ' സ്വതന്ത്ര സമുദായം' എന്ന പുസ്തകത്തിന്റെ ഒരധ്യായം 'ഈഴവർ ഹിന്ദുക്കൾ അല്ല' എന്നതാണ് (. മാധവൻ, സഖാവ് ബിനോയ് വിശ്വത്തിന്റെ അമ്മയുടെ പിതാവ് ആണ്). തിരുവിതാംകൂർ ഹൈക്കോടതി വക്കീൽ സി മാധവൻ പിള്ള 1930 ൽ എഴുതിയ '18 ലക്ഷം ഈഴവർക്ക് ക്രിസ്ത്യാനിത്വമല്ലാതെ വേറെ ഗത്യന്തരമില്ല' എന്ന ലേഖനം പ്രസക്തമാണ്.

ഈ വി രാമസ്വാമി നായ്കർ എഴുതിയ 'എന്തുകൊണ്ട് ഞാൻ ഹിന്ദുവല്ല' എന്ന പുസ്തകം' കാഞ്ജലയ്യ എഴുതിയ why I am not a Hindhu? എന്ന പുസ്തകവും വായിക്കണം. ഇതൊന്നും പെന്തകോസ്ത്കാർ എഴുതിയ പുസ്തകങ്ങൾ അല്ല, ഈഴവ നേതാക്കളും കീഴാള പണ്ഡിതരും എഴുതിയതാണ്.

ഈഴവ സഭകളും സിഎംഎസ് മിഷനും

ദലിത് – നാടാർ വിഭാഗങ്ങൾ മാത്രമല്ല, ഈഴവരും വ്യാപകമായി തിരുവിതാംകൂർ, കൊച്ചി ഭാഗത്ത് മതം മാറിയിരുന്നു. പോർട്ടുഗീസ്, ഡച്ച്കാരുടെ കാലത്ത് തന്നെ ഈഴവർ ലാറ്റിൻ സഭയിൽ ചേർന്നിരുന്നു. അതുപോലെ പുളിങ്കുന്ന്, തലവടി, കാവാലം,മുട്ടാർ, ചമ്പക്കുളം, എടത്വ, കുട്ടനാട് മേഖലകളിൽ ഈഴവർ കൂട്ടത്തോടെ മതം മാറിയിരുന്നു (1920 ജൂലൈ 8, മിതവാദി പത്രത്തിന്റെ മുഖപ്രസംഗം). ' തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ കാണുന്ന പകുതി മുക്കാലും ആളുകൾ നമ്മുടെ സമുദായത്തിൽ നിന്നും പോർട്ടുഗീസ്, ഡച്ച് കാലത്ത് മതം മാറിയവരാണെന്ന്..' പി ഭാസ്കരനുണ്ണി പറയുന്നു.

1840 ന് ശേഷം സിഎംഎസ് മിഷനറിമാർ ഈഴവരുടെ ഇടയിൽ പ്രവർത്തിക്കാൻ തുടങ്ങി (ഗുരു ജനിക്കുന്നതിന് മുമ്പ് ആണ്).1850 കളിൽ വലിയ ഒഴുക്ക് തന്നെ ഉണ്ടായി. 1887 ൽ ഒരു ഈഴവനെ സിഎംഎസ് മിഷനറിമാർ പുരോഹിതനാക്കിയെന്ന് റോബിൻ ജഫ്രി പറയുന്നുണ്ട്. മാവേലിക്കര – കായംകുളം- കരുനാഗപ്പള്ളി ഭാഗത്ത് ശക്തമായ പ്രവർത്തനമാണ് ജോസഫ് പീറ്റിന്റെ നേതൃത്വത്തിൽ നടന്നത്. 1875 ൽ സിഎംഎസ് മിഷനിൽ 4500 ഈഴവ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ചേപ്പാട്,പുതുപള്ളി, കൃഷ്ണപുരം, ഞക്കനാൽ, കന്നേറ്റി, കറ്റാനം, ഭവാനിക്കര, ക്ലാപ്പന, ആയിരംതെങ്ങ് ഭാഗത്ത് ഈഴവ സഭകൾ ഉണ്ടായിരുന്നു. ഇവരെ തെക്കൻ ഇടവകകൾ/ തെക്കൻമാർ എന്നും വിളിച്ചിരുന്നു. ഈഴവർ കൂട്ടത്തോടെ സിഎംഎസ് മിഷനിൽ ചേരുന്നത് കണ്ടപ്പോൾ കുപതിരായ സവർണ്ണർ CMS എന്നാൽ 'ചോവൻ മാമോദീസ മുങ്ങിയ സഭ' എന്ന പരിഹാസ പേരിട്ട് വിളിച്ചു.

പൂവത്തൂർ, ഇലന്തൂർ, തെക്കൻ പുതുപള്ളി, ചങ്ങനാശേരി, പന്തളം, തുരുത്തി, ആർപ്പൂക്കര, കൂത്താട്ടുകുളം, ത്രിശൂർ, ഇരിങ്ങാലക്കുട ഇവിടെല്ലാം ഈഴവ സഭകൾ ഉണ്ടായിരുന്നു. മധ്യ കേരളാ മഹായിടവകയിലെ എല്ലാ പള്ളികളിലും ഈഴവ ക്രിസ്ത്യാനികൾ ഉണ്ടെന്ന് ഡോ.വിനിൽ പോൾ പറയുന്നുണ്ട് (ലേഖനം, മാധ്യമം).

1851 ൽ തിരുവല്ല, തുകലശേരി പള്ളിയിൽ ചെറിയാൻ എന്നു പേരുള്ള ഈഴവ ക്രിസ്ത്യാനി തിരുവല്ലാ ക്ഷേത്ര റോഡിലൂടെ നടന്നത് വിവാദം ആകുന്നുണ്ട്. ഈഴവൻ ക്രിസ്ത്യാനി ആയാൽ അയിത്തം മാറില്ല എന്ന് തിരുവിതാംകൂർ സർക്കാർ ഓർഡർ പുറപ്പെടുവിക്കുന്നുണ്ട്. ഇത് ലംഘിച്ച് റോഡിലൂടെ നടന്ന ജിനോ എന്ന

(ശേഷം പേജ് 6)

PRAYER

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം



ഡോ. എം. സ്റ്റീഫൻ
കോട്ടയം

ഈ തലമുറയിൽ ആത്മീയ ജ്വാലയായ് മാറുക

തീഷ്ണതയോടെ ഈ തലമുറയിൽ ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്നത് ഇന്നിന്റെ വെല്ലുവിളിയാണ്. റോമാലേഖനം 12:9-13 വരെയുള്ള ഭാഗത്ത് ഏറ്റവും ശ്രദ്ധേയമായ വാക്യമാണ് 12:11. തീഷ്ണത കുറയാതിരിക്കുക, ആത്മീയ എരിവ് കുറയാതിരിക്കുക, ദൈവത്തെ സേവിക്കുക തുടങ്ങിയ ഊന്നലുകളാണ് ഇവിടെ കാണുക. ആത്മാവിൽ ശക്തരാകുവാനും തീഷ്ണതയിൽ കുറവു വരാതിരിക്കുവാനും ശ്രദ്ധിച്ച് ദൈവത്തെ സേവിക്കണം എന്ന ദർശനം പൗലൊസ് ശ്ലീഹാ നൽകുന്നു. റോമാലേഖനം 12:9-13 വരെയുള്ള വാക്യങ്ങളിൽ ഏകദേശം 12 കാര്യങ്ങൾ പറയുന്നുണ്ട്. 1) ആത്മാർത്ഥ സ്നേഹം (genuine love) 2) നല്ലതിനെ മുറുകെപിടിക്കുക (holdfast what is good), 3) പരസ്പരം സ്നേഹിക്കുക (love one another), 4) പരസ്പരം ബഹുമാനിക്കുക (show honour) 5) പ്രത്യാശയിൽ സന്തോഷിക്കുക (rejoice in hope), 6) കഷ്ടതയിൽ ദീർഘക്ഷമ കാണിക്കുക (patient in suffering), 7) പ്രാർത്ഥനയിൽ സ്ഥിരത (steadfast in prayer), 8) ഭക്തന്മാരുടെ ആവശ്യത്തിൽ കൂട്ടായ്മ കാണിക്കുക (contribute to the need f saints), അപരരോട് ആദിത്യമര്യാദ കാണിക്കുക (hospitality to strangers), 10) തീഷ്ണത കുറയാതെ സൂക്ഷിക്കുക (do not lack zeal), 11) ആത്മീയ എരിവ് ഉയർത്തിപ്പിടിക്കുക (keep spiritual fervour), 12) ദൈവത്തെ സേവിക്കുക (serve the Lord).

നമ്മുടെ സേവനത്തിൽ തീഷ്ണത ഒരുക്കലും കുറയരുത്. 'നാം മറ്റുള്ളവരോടുള്ള കടപ്പാടുകൾ മറന്ന് നമ്മുടെ നേട്ടങ്ങളെ അമിതമായി ഉയർത്തിക്കാട്ടുക എന്ന എളുപ്പമായ ഒരു രീതി സ്വീകരിക്കാറുണ്ട്' എന്ന് ബോൺഹോഫർ എന്ന ചിന്തകൻ പറഞ്ഞിട്ടുണ്ട്. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടമാണ് ലോകമെന്ന യുദ്ധക്കളത്തിൽ നടക്കുന്നത്. അതുകൊണ്ട് നാം അലസത വെടിയണം. ക്രിസ്ത്യാനി തുരുമ്പിച്ചിരിക്കുകയല്ല, ഒരു തീജ്വാലയായി മാറണം. വളരെ ശ്രദ്ധയും, സാഹതികതയും അത്യുത്സാഹവും നമുക്കു വേണം. അലസതയും സുരക്ഷാചിന്തയും ആഡംബരചിന്തയും നമ്മെ ഉത്സാഹത്തിൽ നിന്ന് പിന്നോട്ട് വലിക്കും. അഗ്നി ജ്വലിക്കട്ടെ, അത് കെടാതിരിക്കട്ടെ. ഫലവത്തായി സേവ ചെയ്യണമെങ്കിൽ ഉത്സാഹം അനിവാര്യം.

നാം ചെയ്യുന്ന ഓരോ കാര്യങ്ങൾ മനസ്സോടെ വേണം എന്ന് പൗലോസ് ശ്ലീഹാ (കൊലോ. 3:23-24). ദൈവത്തനെന്ന വണ്ണം നാം ചെയ്യുക, മനുഷ്യരെ പ്രസാദിപ്പിക്കുവാനല്ല. നാം ദൈവത്തെ സേവിക്കുന്നുവെങ്കിൽ അത് ഉത്സാഹത്തോടും ആത്മാർത്ഥതയോടും സന്തോഷത്തോടും ചെയ്യുക. എല്ലാ സേവനവും സ്നേഹത്തിലധിഷ്ഠിതമാണ്. സ്നേഹം കൂടാതെ സേവനം അസാധ്യം. ദൈവത്തെ നാം സ്നേഹിക്കുന്നുവെങ്കിൽ ദൈവഹിതം അനുസരിക്കുകയും ദൈവത്തെ സേവിക്കുകയും വേണം (യോഹ. 15). യേശുക്രിസ്തു ദാസന്റെ വേഷം സ്വീകരിച്ചു (യോഹ. 13, ഫിലി. 2:5-8). മറ്റുള്ളവരെ സേവിക്കാനാണ് താൻ ലോകത്തിൽ വന്നതെന്ന് യേശു (മർക്കോ. 10:45). സ്നേഹം നമ്മിൽ ജ്വലിക്കണം. സമർപ്പണവും താഴ്മയും സേവനത്തിന് അനിവാര്യം.

ഇന്ന് പ്രഘോഷണവും സേവനവും ചിലപ്പോൾ ജയിൽവാസത്തിനും മരണത്തിനും കാരണമാക്കാം. ക്രിസ്തുവിന്റെ സാക്ഷിയാകുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ അപകടം (risky) നിറഞ്ഞതാണ്. ക്രൂശിന്റെ സ്നേഹിതനായ സാധുസുന്ദർ സിംഗ് ഈ അപകടം തിരിച്ചറിഞ്ഞ് ഹിമാലയൻ രാജ്യങ്ങളിൽ ക്രിസ്തുവിനെ പ്രഘോഷിച്ചു. തന്റെ കുടുംബസാഹചര്യങ്ങളും സാമൂഹിക പശ്ചാത്തലവും എതിരായിട്ടും വില്യംകേറി പ്രേഷിതപ്രവർത്തനത്തിന്റെ ഒരു തീജ്വാലയായി മാറി. ഒരു പടയാളിയുടെ മനസ്സ് പ്രേഷിതപ്രവർത്തകന് ഉണ്ടാവണം. മരണം വരിക്കുവോളമാണ് നിയോഗം (duty unto death) എന്നതാണ് ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ ആപ്തവാക്യം. യേശു നമ്മെ വിളിക്കുമ്പോൾ രക്തസാക്ഷിത്വം വഹിക്കാനാണ് വിളിക്കുന്നതെന്ന് ബോൺഹോഫർ.

സേവനത്തിൽ നാം ആത്മീയതീഷ്ണത പ്രദർശിപ്പിക്കണം. തീഷ്ണത ജ്വലിക്കണം. ശുശ്രൂഷയിലും വിശ്വാസത്തിലും ശീതോഷ്ണവാനായാൽ തള്ളിക്കളയുമെന്ന് ദൈവവചനം (വെളി. 3:16. ദൈവവചനം അസ്ഥിക്കുള്ളിൽ ഒരു അഗ്നിയായി പരിണമിക്കുന്നു എന്ന് യിരമ്യാ പ്രവചനം (20:9). യേശുവിന്റെ ആത്മീയതീക്ഷ്ണത അനാത്മികതയേയും അധർമ്മത്തേയും ചെറുത്തു (യോഹ. 2:17). പ്രവാചകന്മാർക്ക് ആത്മീയ തീഷ്ണത ഉണ്ടായിരുന്നു. അവർ അധർമ്മങ്ങളെ വെല്ലുവിളിച്ചു (1 രാജാ. 17, 18 അദ്ധ്യായങ്ങൾ, യെശ. 1:2-മുതൽ, യിരെ. 7:1 മുതൽ, ആമോ. 5:18 മുതൽ).

ആത്മാവിലുള്ള എരിവ് നമ്മുടെ വിശ്വാസ-ഉപദേശങ്ങളിലും, ധാർമ്മികതയിലും പ്രാർത്ഥനാജീവിതത്തിലും ദൗത്യപ്രവർത്തനങ്ങളിലും ഉണ്ടാവണം (1 തിമോ. 5:21; 2 തിമൊ. 2:15; 1 തെസ്സ. 5:17; എഫേ. 6:18, 1 തെസ്സ. 4:3-4; യോഹ. 12:24; 20:21).

അവസരങ്ങളെ കണ്ടെത്തി ദൈവത്തെ സേവിക്കുക (In serving, seize your opportunities). ലഭ്യമായ അവസരങ്ങളെ നഷ്ടപ്പെടുത്തുന്നതാണ് ദുരന്തം. ജീവിതം നമുക്ക് വിവിധ അവസരങ്ങൾ നല്കും. എന്നാലവ ഗുണപ്രദമായി സേവനത്തിനു വേണ്ടി ഉപയോഗിക്കണം. ഭാരതത്തിലേക്ക് ദൈവീകസേവനത്തിനായി സമർപ്പണം ചെയ്ത ഹെൻറി മാർട്ടിന്റെ വാക്കുകൾ ഇതാ: 'ഇനി ഞാൻ ദൈവത്തിനായി കത്തി ജ്വലിക്കട്ടെ' (now let me burn out for God). അശരണരും ആത്മീകദർശനവുമില്ലാതെ കഴിയുന്ന ജനതകളെ സേവിക്കുവാൻ ആത്മദർശനത്തോടെ തീഷ്ണമായി പ്രവർത്തിക്കാൻ സാധിച്ചാൽ നമ്മുടെ ജീവിതം ധന്യമാകും.

ഹോംലാൻഡ് മിഷണറീസ് കോൺഫറൻസ് 2025

തിരുവനന്തപുരം : ഹോംലാൻഡ് മിഷണറീസ് ഫെലോഷിപ്പിന്റെ നാലാമത് മിഷണറിസ് കോൺഫറൻസും മിഷൻ കൺവെൻഷനും 2025 മെയ് 28, 29, 30 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടക്കുന്നതാണ്. പരശുവയ്ക്കലുള്ള ലൗ ആർമി ക്രൂസേഡ് സെന്ററാണ് ഇപ്രാവശ്യത്തെ കോൺഫറൻസ് വേദി. തിരുവനന്തപുരം ജില്ലയിലുള്ള പെന്തക്കോസ്ത് സഭകളുടെ സംയുക്ത സഹകരണത്തോടെ നടത്തപ്പെടുന്ന ഈ കോൺഫറൻസിന്റ സുഗമമായ നടത്തിപ്പിലേക്ക് പ്രാദേശിക സംഘാടകസമിതിയെ തിരഞ്ഞെടുത്തു.

പാസ്റ്റർ ജെ.നെൽസൺ (ഓർഗ: കമ്മിറ്റി ചെയർമാൻ) പാസ്റ്റർ സുനിൽ ദാസ് (ജനറൽ കോർഡിനേറ്റർ) പാസ്റ്റർ ക്രിസ്റ്റഫർ സി. (സെക്രട്ടറി) പാസ്റ്റർ രതീഷ് എഡ്വേർഡ് (ജോയിന്റ് സെക്രട്ടറി) പാസ്റ്റർ ഷിബു മാത്യു, പാസ്റ്റർ ജോഷി വർഗീസ് (അസോ: കോർഡിനേറ്റേഴ്സ്) പാസ്റ്റർ സന്തോഷ് കുമാർ (പ്രയർ കമ്മിറ്റി ചെയർമാൻ) പാസ്റ്റർ ഷെല്ലി വാൽസ് (മീഡിയ കമ്മറ്റി ചെയർമാൻ) എന്നിവരടങ്ങുന്ന നാല്പതു അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഹോംലാൻഡ് മിഷണറീസ് ഫെലോഷിപ്പ് മലയാളി മിഷനറിമാരുടെ സഭാ വ്യത്യാസങ്ങൾക്കതീതമായുള്ള ഒരു ദേശീയ കൂട്ടായ്മാ വേദിയാണ്. പാസ്റ്റർ സി.പി. രാജു അലഹബാദ് (നാഷണൽ ചെയർമാൻ) പാസ്റ്റർ പി.സി. മാത്യു കുമളി (ജനറൽ സെക്രട്ടറി) പാസ്റ്റർ ജോൺസ് ജോസഫ്, സേലം (ജനറൽ ട്രഷറർ) എന്നിവരാണ് ഈ സംഘടനയ്ക്ക് ദേശീയതലത്തിൽ നേതൃത്വം നൽകുന്നത്.


ആന്റോ അലക്സിന് യാത്രയയപ്പ് നൽകി

ഷാർജ : ഓസ്ട്രേലിയിലേക്ക് കുടുംബമായി യാത്രയാകുന്ന ആന്റോ അലക്സിന് ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ യുഎഇ ചാപ്റ്റർ യാത്രയയപ്പ് നൽകി. ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ യുഎഇ ചാപ്റ്റർ പ്രഥമ സെക്രട്ടറിയായിരുന്നു ആന്റോ. ചാപ്റ്റർ പ്രസിഡന്റ് ലാൽ മാത്യു അധ്യക്ഷത വഹിച്ചു. ഷിബു മുള്ളംകാട്ടിൽ, പി. സി. ഗ്ലെന്നി, ഡോ. റോയ് ബി. കുരുവിള, പാസ്റ്റർ ജോൺ വർഗീസ്, വിനോദ് എബ്രഹാം, നെവിൻ മങ്ങാട്ട് എന്നിവർ ആശംസകൾ അറിയിച്ചു. റവ. വിൽസൺ ജോസഫ് മൊമെന്റോ നൽകി ആദരിച്ചു. ആന്റോ അലക്സ് മറുപടി പ്രസംഗം നടത്തി. ചാപ്റ്റർ സെക്രട്ടറി കൊച്ചുമോൻ ആന്താര്യത്ത് നന്ദി അറിയിച്ചു.



വരിസംഖ്യയും മേൽവിലാസവും പുതുക്കുക

The Editor, Sworgeeya Dwoni, P.O. Box. 35, Adoor Shopping Complex, K.S.R.T.C Jn., Adoor691 523
Sworgeeyadwoni, A/C No. 10420200004867, IFSC Code: FDRL 0001042, Federal Bank, Adoor.
Google pay No. 9447593865. Name : Finny P Mathew



വെള്ളാപ്പള്ളിയുടെ വെർബൽ ഡയേറിയയും...

ഈഴവ ക്രിസ്ത്യാനി ആയ യുവാവിനെ ബ്രാഹ്മണർ മർദ്ദിച്ചു. ധനികനായ ഒരു ഈഴവൻ ആലുംമൂട്ടിൽ ചാന്നാൻ കാറിൽ പോകുമ്പോൾ ക്ഷേത്രത്തിന്റെ മുന്നിൽ എത്തുമ്പോൾ നായർ ഡ്രൈവർ ആകും. ഈഴവനായ ചാന്നാൻ ഇറങ്ങി ഊടുവഴിയിലൂടെ നടക്കും. ഇതായിരുന്നു പണമുള്ള ഈഴവന്റെയും അവസ്ഥ.

1850 ൽ മിഷനറി ഹാർലിയുടെ നേതൃത്വത്തിൽ മതം മാറിയ ഈഴവർ പള്ളിയിൽ എത്തി കുടുമ മുറിക്കുമായിരുന്നു. ഇതുപോലെ കാവാലം, ചങ്ങനാശേരി,പന്തളം, ആർപ്പൂക്കര പള്ളികളിലും കുടുമ മുറിച്ചിരുന്നു.

1852 ൽ മതം മാറിയ ഈഴവർ കക്കാ നീറ്റ് നിർത്തിയത് കൊണ്ട് ഉദ്യോഗസ്ഥർ അവരെ ജയിലിൽ അടച്ചിരുന്നു. മിഷനറി ജോസഫ് പീറ്റ് ആണ് അവരെ ജയിലിൽ നിന്നും ഇറക്കിയത്. 1853ൽ കരുനാഗപ്പള്ളിയിൽ ഒരു തഹസിൽദാർ ഈഴവ യുവതിയെ പരസ്യമായി അപമാനിച്ച ചരിത്രമുണ്ട്.

മതം മാറിയ ഈഴവ ക്രിസ്ത്യാനികൾ പുലയ ക്രിസ്ത്യാനികളോടൊപ്പം പ്രാർഥന കഴിക്കാൻ മടിച്ചിരുന്നു. നായന്മാരുമായി സമ്പർക്കം പുലർത്താൻ ഇത് തടസ്സം ആണെന്ന് പറഞ്ഞു അവർ വേറെ ഷെഡ്ഡ് ഉണ്ടാക്കി മാറി കൂടി (സാമുവേൽ മെറ്റീർ). ഡോ. പൽപ്പുവിന്റെ പിതാവിനെ ഇംഗ്ലിഷ് പഠിപ്പിച്ചത് മിഷനറിമാരാണ്. ഡോ.പൽപ്പുവിനോട് തെങ്ങ് ചെത്താൻ പോകാൻ പറഞ്ഞു, അതാണ് ഈ നാട്.

1872 ൽ ചിറയിൻകീഴ് സർക്കാർ സ്കൂളിൽ ഈഴവ കുട്ടികൾക്ക് പ്രവേശനം നൽകിയില്ല. അവിടെ ഓടിയെത്തിയ മിഷനറി സാമുവേൽ മെറ്റീർ 50 ഈഴവ കുട്ടികൾക്ക് വേണ്ടി മാത്രം എൽ എംഎസ് സ്കൂൾ സ്ഥാപിച്ചു. 1891 ൽ ഇംഗ്ലീഷ് സംസാരിക്കാൻ അറിയാവുന്ന 30 ഈഴവർ ഉണ്ടായിരുന്നെന്ന് റോബിൻ ജെഫ്രി പറയുന്നുണ്ട്. ഇവരെ മിഷനറിമാരാണ് പഠിപ്പിച്ചത്.

1921ൽ ഈഴവർക്ക് വേണ്ടി കരപ്പുറം മിഷൻ എന്ന മിഷൻ തന്നെ ഉണ്ടായിരുന്നു നേമം മിഷൻ (നായർ), തീരദേശ മിഷൻ, കൊയ്ത്ത് മിഷൻ, കണ്ണൂരിൽ ഫാദർ കെയ്റോണിയുടെ പുലയ മിഷൻ ഇങ്ങനെ പല മിഷൻ ഉണ്ടായിരുന്നു). സിഎംഎസ് ബിഷപ്പ് എഡ്വേഡ് മൂർ ഈഴവ മതപരിവർത്തനത്തെ പറ്റി ലഘുലേഖ തന്നെ ഇറക്കി. എം സി കുട്ടന്റെ നേതൃത്വത്തിൽ ഈഴവ യുവാക്കൾ ദേശാഭിമാനിയിലൂടെ സിഎംഎസ് മിഷനറിമാരോട് അഭ്യർത്ഥന തന്നെ നടത്തി. 1926 ൽ ആലപ്പുഴ ക്രൈസ്റ്റ് പള്ളിയിൽ കുട്ടനും ഭാര്യയും ഏബ്രഹാം-സാറാ എന്ന പേരിട്ട് മതം മാറി. K.C. കുട്ടൻ എന്ന മറ്റൊരു നേതാവ് സിഖ് മതത്തിൽ ചേർന്നു.

1936 ഫെബ്രുവരി ചേർന്ന ടച ഉജ എക്സിക്യൂട്ടീവ് യോഗത്തിൽ നാലിനെതിരെ 26 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ക്രിസ്തുമതം സ്വീകരിക്കാൻ തീരുമാനിച്ചു. അയ്യപ്പനും സി കൃഷ്ണനും ബുദ്ധമതത്തോട് ആയിരുന്നു താൽപര്യം. സി കൃഷ്ണൻ പിന്നീട് ബുദ്ധമതത്തിൽ ചേർന്നു. തന്റെ മകൻ ജർമ്മൻ യുവതിയെ ആണ് വിവാഹം ചെയ്തത്.

സിവി. കുഞ്ഞിരാമനും ടി കെ മാധവനും ക്രൈസ്തവ മതത്തോട് ആയിരുന്നു താൽപര്യം. 1936 മാർച്ച് 9 ന് സി വി കുഞ്ഞിരാമൻ മാരാമൺ കൺവെൻഷനിൽ പങ്കെടുത്ത് സംസാരിച്ചു. 1936 മാർച്ച് 17 ന് സി വി കുഞ്ഞിരാമൻ ഈഴവ നേതാക്കളുമായി കോട്ടയത്ത് ആശ്ലിക്കൻ കത്തീഡ്രലിൽ പ്രാർഥനയിൽ സംബന്ധിച്ചു. 1936 ജൂലൈ പത്തിന് കോട്ടയത്ത് ചേർന്ന യോഗം ഹിന്ദുമതം ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഇതിനിടെ ശ്രീനാരായണ ഗുരുവിന്റെ സഹോദരന്റെ മകൻ യാക്കോബായ സഭയിൽ ചേർന്നത് വിവാദമായി. ഈഴവ നേതാക്കന്മാരുടെ കൂട്ടത്തോടെ ഉള്ള മതംമാറ്റം ബിഷപ്പ് മൂർ, ബിഷപ്പ് അസറിയ എന്നിവർ ചേർന്നാണ് അട്ടിമറിച്ചത്. മാസ് കൺവേർഷൻ വേണ്ടാ എന്നും പേർസണൽ സാൽവേഷൻ ആണ് ആവശ്യമെന്നും അവർ വാദിച്ചു.

ഈ മതമാറ്റ ഭീഷണി മറികടക്കാനും ഈഴവരാദി പിന്നോക്ക – ദലിത് ജനതയെ ഹിന്ദുക്കൾ ആക്കാനും വേണ്ടി സർ സി പി രാമസ്വാമി അയ്യർ കണ്ടുപിടിച്ച കൗശലമാണ് , ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ നടത്തിയ 1936 നവംബർ 12 ലെ ക്ഷേത്രപ്രവേശന വിളംബരം.

ഇന്നും അയിത്തം തുടരുന്നു

'എന്റെ ജനനമാണ് എന്റെ മരണത്തിന് കാരണം' ഇത് പറഞ്ഞത് രോഹിത് വെമുല ആണ്. ഐജി ലക്ഷ്മണ, സി ടി സുകുമാരൻ ഐഎഎസ്, പി സി സനൽ കുമാർ ഐഎഎസ് ഇവരൊക്കെ ജാതി പീഡനം അനുഭവിച്ചിട്ടുണ്ട്. RLV രാമകൃഷ്ണൻ, മുൻ മന്ത്രി എം എ കുട്ടപ്പൻ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ എന്നിവർ ജാതിയ അധിക്ഷേപം നേരിട്ടിട്ടുണ്ട്.

വർക്കലയിലെ ജാതിക്കുളം, പേരാമ്പ്ര സ്കൂളിൽ സാംബവ കുട്ടികളെ പ്രത്യേകം ഇരുത്തിയത്, വട്ടവടയിലെ പ്രത്യേക ബാർബർ ഷോപ്പ്, പാലക്കാട്ടുള്ള പ്രത്യേക പൈപ്പ് ഇതൊക്കെ കടുത്ത ജാതിവിവേചനങ്ങൾ ആയിരുന്നു. ദേവസ്വം മന്ത്രി ആയിരുന്ന കെ. രാധാകൃഷ്ണൻ ക്ഷേത്ര ഉൽഘാടന പരിപാടിയിൽ ജാതി വിവേചനം നേരിട്ടെന്ന് തുറന്നു പറഞ്ഞിരുന്നു. ദേവസ്വം ബോർഡ് നിയമിച്ച യഥുകൃഷ്ണൻ എന്ന ദലിത് പൂജാരിയെ യോഗക്ഷേമ സഭ ബഹിഷ്കരിച്ചത് നാം കണ്ടതാണ്. മേൽശാന്തിമാരായി മലയാളി ബ്രാഹ്മണർക്ക് മാത്രമാണ് അവകാശം. ഉത്തര ഇന്ത്യയിലെ കാര്യങ്ങൾ പിന്നെ പറയേണ്ടതില്ലല്ലോ.

ഈഴവന് ഇന്നും അയിത്തം

ഈഴവനായ സുധികുമാർ ചെട്ടികുളങ്ങര ക്ഷേത്രത്തിൽ പൂജ ചെയ്താൽ ദേവി കോപിക്കുമെന്ന് പറഞ്ഞത് ക്ഷേത്ര ഭാരവാഹികൾ ആണ്. കുടൽ മാണിക്യം ക്ഷേത്രത്തിൽ ബാലൂ എന്ന ഈഴവൻ കഴക്കാരൻ ആയപ്പോൾ തന്ത്രിമാർ കത്ത് നൽകി. ഈഴവൻ അമ്പലത്തിൽ മാല കെട്ടാൻ പാടില്ലായെന്ന്. ഈ വിഷയം അടുത്തിടെ വിവാദമായി. സ്വന്തം സമുദായം ഇന്നും ജാതി വിവേചനം നേരിടുന്നത് ജനറൽ സെക്രട്ടറി കാണുന്നില്ല.

മതം മാറ്റം എല്ലായിടത്തും

എല്ലാ മതങ്ങളിലും മതം മാറ്റ പ്രക്രിയ നടക്കുന്നുണ്ട്. അയർലൻഡിലെ പുരോഹിതന്റെ മകൾ എലിസബത്ത് നോബിൾ എന്ന യുവതിയെ സ്വാമി വിവേകാനന്ദൻ മതം മാറ്റി നിവേദിത എന്ന പേരിട്ട് സന്യാസി ദീക്ഷ നൽകി കൂടെ കൊണ്ട് നടക്കുകയായിരുന്നു. കേരളത്തിലെയും (വള്ളിക്കാവ്) പുറത്തും (പുട്ടപർത്തി) ഉള്ള ആശ്രമങ്ങളിൽ വിദേശികൾ വന്നു മതം മാറുന്നുണ്ട്. ഇസ്കോൺ, ആര്യസമാജം തുടങ്ങിയ പ്രസ്ഥാനങ്ങൾ വിദേശ രാജ്യങ്ങളിൽ മത പ്രചരണം(മതം മാറ്റം) നടത്തുന്നുണ്ട്. ഘർവാപ്പസിയുടെ പേരിൽ പുന:മതപരിവർത്തനം നടക്കുന്നുണ്ട്. ഇതിനൊക്കെ എല്ലാവർക്കും സ്വാതന്ത്ര്യം ഉണ്ട്.

ചരിത്രവും വർത്തമാനവും ഇങ്ങനെയായിരിക്കെ വെള്ളാപ്പള്ളി കഥ അറിയാതെ ആട്ടം കാണുകയാണ്. ഈ വിഷയത്തെക്കുറിച്ച് പരസ്യ സംവാദത്തിന് തയ്യാറാണ്. മുമ്പ് സംവാദത്തിൽ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ട് ശശികല ടീച്ചർ അവസാന നിമിഷം കാലുമറിയത് പോലെ കാലുമാറരുത് എന്ന് മാത്രം.

അസംബ്ലീസ് ഓഫ് ഗോഡ് അടൂർ സെക്ഷൻ കൺവൻഷൻ

ഇടയ്ക്കാട്: അസംബ്ലീസ് ഓഫ് ഗോഡ് അടൂർ സെക്ഷൻ കൺവൻഷൻ ഇടയ്ക്കാട് ശാലേം എ.ജി. ഗ്രൗണ്ടിൽ ഏപ്രിൽ 30 മുതൽ മെയ് 4 വരെ നടക്കും. അടൂർ സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ ജോസ് ടി.ജോർജ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ സഭാ ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ, ഡിസ്ട്രിക്ട് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ഡോ.കെ.മുരളീധർ, പാസ്റ്റർ വർഗീസ് ഏബ്രഹാം (രാജു മേത്രയിൽ) എന്നിവർ പ്രസംഗിക്കും.

ഏപ്രിൽ 30 ബുധൻ മുതൽ മെയ് 3 ശനി വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ പൊതുയോഗങ്ങൾ നടക്കും. മെയ് 2 വെള്ളി പകൽ 10 മുതൽ 1 വരെ പവർ കോൺഫറൻസും മെയ് 3 ശനി പകൽ 10 മുതൽ 1 വരെ സി.എ- സൺഡേസ്കൂൾ സമ്മേളനവും നടക്കും. മെയ് 4 ഞായർ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന പൊതുസഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. സെക്ഷൻ എ ജി കയർ ഗാന ശുശ്രൂഷ നയിക്കും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ എസ്.ഷാജി 99479 84049 ബ്രദർ ജയിംസ് പി.ഇടയ്ക്കാട് 94477 42248 എന്നിവരെ ബന്ധപ്പെടുക



പെനിയേൽ ബൈബിൾ സെമിനാരി ബിരുദദാനം നടത്തി

എറണാകുളം: പെനിയേൽ ബൈബിൾ സെമിനാരി & മിഷനറി ട്രെയിനിംഗ് സെന്ററിന്റെ 42-ാമത് ബിരുദദാന ശുശ്രൂഷ കീഴില്ലം സെമിനാരി ഓഡിറ്റോറിയത്തിൽ നടന്നു. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ. ടി.ജെ. സാമുവൽ മുഖ്യ അതിഥി ആയിരുന്നു. ബിരുദധാരികൾ ദൈവവിളിയിൽ ഉറച്ചു നിൽക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. 'വിളിയോട് വിശ്വസ്തത പുലർത്തുക' (Faithful to the Call) എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം.
വേദപഠനം പൂർത്തിയാക്കിയ 63 വിദ്യാർത്ഥികൾക്ക് മാസ്റ്റർ ഓഫ് ഡിവിനിറ്റി (M.Div), ബാച്ചിലർ ഓഫ് തിയോളജി (B.Th.), ഡിപ്ലോമ ഇൻ തിയോളജി Dip.Th. ബിരുദങ്ങൾ ലഭിച്ചു. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച ബിരുദധാരികൾ സെമിനാരിയുടെ വൈവിധ്യമാർന്ന പൈതൃകത്തെ പ്രദർശിപ്പിച്ചു.

ഇന്ത്യയിലുടനീളം സുവിശേഷം എത്തിക്കുവാൻ ക്രിസ്തീയ ശുശ്രൂഷയ്ക്കായി യുവജനങ്ങളെ സജ്ജരാക്കുക എന്ന ദർശനത്തോടെ, നിത്യതയിൽ വിശ്രമിക്കുന്ന ഡോ. സി. പി. വർഗീസ് സ്ഥാപിച്ചതാണ് പെനിയേൽ ബൈബിൾ സെമിനാരി. പതിറ്റാണ്ടുകളായി, പെനിയേൽ ബിരുദധാരികൾ പാസ്റ്റർമാരായും, മിഷനറിമാരായും, ബൈബിൾ കോളേജ് അധ്യാപകരായും ഇന്ത്യയിലും ലോകമെമ്പാടും സേവനമനുഷ്ഠിക്കുന്നു. പ്രസിഡന്റ് വിനീത വർഗീസ് സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. അടുത്ത അധ്യയന വർഷത്തെ അഠഅ അംഗീകൃത ക്ലാസ്സുകൾ മെയ് 19 ന് ആരംഭിക്കും. അഡ്മിഷൻ തുടരുന്നു. വിശദ വിവരങ്ങൾക്ക്: +91 7012248363

ചർച്ച് ഓഫ് ഗോഡ് കേരള റീജിയൻ ലഹരി വിരുദ്ധ പ്രചരണം നടത്തി



കോട്ടയം: ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ സണ്ടേസ്കൂൾ വിഭാഗം മാർച്ച് 27 മുതൽ സംസ്ഥാന വ്യാപകമായി ലഹരിവിരുദ്ധ പ്രചാരണം ആരംഭിക്കുന്നതിന്റെ ഭാഗമായി കോട്ടയത്ത് സംസ്ഥാനതല ഉദ്ഘാടനം നടന്നു. തിരുനക്കരയിൽ ദൈവസഭ അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പ് റവ.ജോമോൻ ജോസഫ് ഉദ്ഘാടനം ചെയ്തു. സന്ദേശയാത്ര ചാണ്ടി ഉമ്മൻ എംഎൽഎ ഫ്ലാഗ് ഓഫ് ചെയ്തു. കോട്ടയത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് വൈകിട്ട് നാഗമ്പടത്ത് സമാപിച്ചു.

സ്റ്റാൻലി ജോർജ് FIACONA അഡ്വക്കസി ഡയറക്ടർ



ദി ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (Federation of Indian American Christian Organisation of North America - FIACONA) യുടെ അഡ്വക്കസി ഡയറക്ടർ ആയി പ്രമുഖ പൊളിറ്റിക്കൽ & ബിസിനസ് സ്ട്രാറ്റജിസ്റ്റും മിഷണറിയുമായ സ്റ്റാൻലി ജോർജ് നിയമിതനായി. ഭാരതത്തിലും അമേരിക്കയിലുമായി സഭാ, സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ നേതൃരംഗത്ത് പ്രവർത്തിച്ച അനുഭവസമ്പത്താണ് സ്റ്റാൻലി ജോർജിനെ റിപ്പബ്ലിക്കൻ പാർട്ടിയുടെ ദേശീയ ഉപദേശക സമിതിയിലും ട്രംപ് ടീമിന്റെ ക്യാംപയിൻ മേഖലകളിലും എത്തിച്ചത്. സംഘാടകനും പത്രപ്രവർത്തകനും പ്രഭാഷകനുമായ സ്റ്റാൻലി ജോർജ് അമേരിക്കയിൽ രാഷ്ട്രീയ-ഭരണ രംഗത്ത് ശക്തമായ ഇടപെടൽ നടത്തുന്ന ഇന്ത്യൻ വംശജനാണ്. മൂന്നര പതിറ്റാണ്ടിനു മുൻപ് അമേരിക്കയിൽ കുടിയേറിയ സ്റ്റാൻലി ജോർജ് കുമ്പനാട് വാക്കേപടിക്കൽ പരേതരായ പാസ്റ്റർ വി.സി.ജോർജിന്റെയും ഏലിയാമ്മ ജോർജിന്റെയും മകനാണ്. ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയിൽ ശുശ്രൂഷകൻ, സെന്റർ പാസ്റ്റർ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട് പാസ്റ്റർ വി.സി.ജോർജ്.

ഷാജൻ ജോൺ ഇടയ്ക്കാട്

ഹൂസ്റ്റൺ പെന്തക്കോസ്ത് ഫെല്ലോഷിപ്പിന് പുതിയ നേതൃത്വം



ഹൂസ്റ്റൺ: പെന്തക്കോസ്ത് ഫെല്ലോഷിപ്പിന്റെ (എച്ച്.പി.എഫ്) വാർഷിക ജനറൽ ബോഡി മീറ്റിംഗ് ക്രിസ്ത്യൻ അസംബ്ലി ഓഫ് ഹൂസ്റ്റൺ ചർച്ചിൽ വെച്ച് നടന്നു. 2025-2026 കാലയളവിനുള്ള ഭാരവാഹികളെ യോഗത്തിൽ തിരഞ്ഞെടുത്തു. പ്രസിഡന്റായി പാസ്റ്റർ മാത്യു കെ. ഫിലിപ്പ് തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഹൂസ്റ്റൺ ചർച്ച് ഓഫ് ഗോഡിലെ സീനിയർ പാസ്റ്ററാണ്. വൈസ്പ്രസിഡന്റായ പാസ്റ്റർ ബൈജു തോമസ് മാറനാഥ ഫുൾ ഗോസ്പൽ ചർച്ച് സീനിയർ പാസ്റ്ററാണ്.

സെക്രട്ടറിയായി ഡോ. സാം ചാക്കോ തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഐപിസി ഹെബ്രോൺ ഹ്യൂസ്റ്റൺ ചർച്ചിന്റെ ബോർഡ് അംഗമാണ്. ഇന്റർനാഷണൽ ബിസിനസ് അഡ്മിനിസ്ട്രേഷനിൽ പി.എച്ച്.ഡി നേടിയ അദ്ദേഹം, ഇപ്പോൾ ന്യൂബർഗ് തിയോളജിക്കൽ സെമിനാരിയിൽ ക്രിസ്തീയ ആപോളജറ്റിക്സിൽ പി.എച്ച്.ഡി പഠനം തുടരുകയാണ്.

ട്രഷററായി ജെയ്മോൻ തങ്കച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. ഹൂസ്റ്റണിലെ സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡിലെ അംഗമായ അദ്ദേഹം, വിവിധ ക്രിസ്ത്യൻ പ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിയാണ്. സോങ്ങ് കോർഡിനേറ്ററായി ഡാൻ ചെറിയാൻ തെരഞ്ഞെടുക്കപ്പെട്ടു. ക്രിസ്ത്യൻ അസംബ്ലി ഓഫ് ഹൂസ്റ്റൺ അംഗമാണ്.

മിഷൻ ആൻഡ് ചാരിറ്റി കോർഡിനേറ്ററായി ജോൺ മാത്യു പുനലൂർ തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം വിവിധ പ്രേക്ഷിത ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളിയാണ്.

മീഡിയ കോർഡിനേറ്ററായി ഫിന്നി രാജു തിരഞ്ഞെടുക്കപ്പെട്ടു. ക്രിസ്ത്യൻ മീഡിയയും സാമൂഹ്യ സാംസ്കാരിക രംഗങ്ങളും ഉൾപ്പെടെ വിവിധ പ്ലാറ്റ്ഫോമുകളിൽ സജീവ സാന്നിധ്യമായ, അദ്ദേഹം മാധ്യമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഹൂസ്റ്റണിലും പരിസര പ്രദേശങ്ങളിലുമുള്ള 16 സഭകളുടെ ഐക്യ കൂട്ടായ്മയാണ് ഹൂസ്റ്റൺ പെന്തക്കോസ്ത് ഫെല്ലോഷിപ്പ് (എച്ച്.പി.എഫ്).



സംസ്ഥാന വനിതാ ക്യാമ്പ്

തിരുവല്ല : ക്രിസ്തീയ സഭകളിലെ സഹോദരിമാരുടെഐക്യ കൂട്ടായ്മയായ യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പിന്റെ (UCWF) 19-ാമാത് സംസ്ഥാന വനിതാ ക്യാമ്പ് 2025 ഏപ്രിൽ 15 16 ചൊവ്വ ബുധൻ ദിവസങ്ങളിൽ വയനാട്, മീനങ്ങാടി അസംബ്ലീസ് ഓഫ് ഗോഡ് സഭയിൽ വെച്ച് നടക്കും. സിസ്റ്റർ മേഴ്സി തോമസ്, ഓമച്ചേരിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. അഭിഷിക്തരായ ദൈവദാസി ദാസന്മാർ ക്യാമ്പിന്റെ വിവിധ സെക്ഷനുകളിൽ ശുശ്രൂഷിക്കും. ആരാധന, ഗാന പരിശീലനം, സന്ദേശം, സാക്ഷ്യം,ചർച്ച,സ്പെഷ്യൽ പ്രോഗ്രാം, കൗൺസിലിംഗ് തുടങ്ങിയ പ്രോഗ്രാമുകൾ ക്യാമ്പിന്റെ വിവിധ സെക്ഷനുകളിൽ നടക്കും. 'കാത്തിരുന്നു ശക്തിയെ പുതുക്കുക' എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം. (യെശ.40:31). ഡഇണഎ കൊയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കും. സെക്രട്ടറി ലില്ലിക്കുട്ടി ശാമുവേൽ, ലിയ ജോൺസൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും.

ഗാനസമാഹാരം

കൃപാമ്യൂസിക്ക് പ്രസിദ്ധീകരിക്കുന്ന ക്രിസ്തുവിൽ എന്നെയും കണ്ടു എന്ന ഗാനം അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് ഡോ. ഐസക്ക് വി. മാത്യു യു ട്യൂബിൽ അപ് ലോഡ് ചെയ്തു.

പി.എസ്. ഫിലിപ്പ് ഹ്യൂസ്റ്റനാണ് ഗാനരചന നിർവഹിച്ചത്. സാബു ലൂയിസ് സംഗീതം നൽകുകയും ആലപിക്കുകയും ചെയ്തു. വി.ജെ. പ്രതീഷ് ഓർക്കസ്ട്രേഷൻ നിർവ്വഹിച്ചിട്ടുള്ള ഈ ഗാനത്തിന് ബിന്ദു ഉർമീസ്, ഫെമി എന്നിവരും ആലാപനം നടത്തി.

കാസർഗോഡ് സെന്റർ കൺവൻഷൻ

ശ്രീകണ്ഠപുരം: ഐപിസി കാസർഗോഡ് സെന്റർ പതിനാലാമത് കൺവൻഷൻ ഏപ്രിൽ 11 മുതൽ 13 വരെ ശ്രീകണ്ഠപുരം ടൗണിൽ നടക്കും. കാസർഗോഡ് സെന്റർ മിനിസ്റ്റർ പാസ്റ്റർ സന്തോഷ് മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർ സജു ചാത്തന്നൂർ, പാസ്റ്റർ കെ ജെ തോമസ് കുമളി, പാസ്റ്റർ ബിജോയ് കുര്യാക്കോസ് എന്നിവർ പ്രസംഗിക്കും. ഡോ. ജോൺസൺ വി മാത്യു ബാംഗ്ലൂർ, പാസ്റ്റർ ദാനിയേൽ നീലഗിരി എന്നിവർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ സന്തോഷ് മാത്യു (സെന്റർ പ്രസിഡന്റ്), പാസ്റ്റർ ശ്യാം രാജ് (സെക്രട്ടറി), പാസ്റ്റർ കെ സി ജോർജ് (ട്രഷറർ), പാസ്റ്റർ ജയ്മോൻ ലൂക്കോസ് (പബ്ലിസിറ്റി കൺവീനർ) എന്നിവർ കൺവൻഷന് നേതൃത്വം നൽകുന്നു.

വിവാഹ പരസ്യത്തിന്
₹ 750
9447593865

വേർപാടുകൾ

ഓമന ചാണ്ടപ്പിള്ള



മണർകാട്: സുവിശേഷ പ്രസംഗകൻ ഇവാ. ചാണ്ടപിള്ള ഫിലിപ്പിന്റെ മകൾ മണർകാട് ഗ്രേസ് വില്ലയിൽ കെസിയ ഓമന ചാണ്ടപ്പിള്ള (38) നിര്യാതയായി. സംസ്കാരം ഏപ്രിൽ 1ന് കോട്ടയം ടൗൺ ബ്രദറൺ അസംബ്ലിയുടെ നേതൃത്വത്തിൽ മാങ്ങാനം ഐപിസി തിയളോജിക്കൽ സെമിനാരി ഓഡിറ്റോറിയത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ചിലമ്പ്രക്കുന്ന് സെമിത്തേരിയിൽ നടത്തി. ഭർത്താവ്: ചെങ്ങന്നൂർ പുത്തൻകാവ് പുതുക്കേരി പടിഞ്ഞാറ്റതിൽ സുബൻ ജേക്കബ്. മാതാവ്: ഓമന ചാണ്ടപ്പിള്ള. സഹോദരൻ: ക്ളീറ്റസ് ചാണ്ടപ്പിള്ള.

പാസ്റ്റർ പ്രവീൺ പഗഡാല



തെലുങ്കാനയിലെ പ്രമുഖ സുവിശേഷ പ്രഭാഷകനും ക്രിസ്തീയ മാധ്യമപ്രവർത്തകനും അപ്പോളജിസ്റ്റുമായ പാസ്റ്റർ പ്രവീൺ പഗഡാല വാഹനാപകടത്തിൽ മരണമടഞ്ഞു. ആന്ധ്രപ്രദേശിലെ കിഴക്കൻ ഗോദാവരി ജില്ലയിലെ രാജമുൻട്രിക്ക് സമീപം കൊണ്ടമുരുവിൽ ആണ് മൃതദേഹം കണ്ടെത്തിയത്. മാർച്ച് 25ന് രാവിലെ കൊവ്വൂർ ടോൾ പ്ലാസയ്ക്ക് സമീപം റോഡ് സൈഡിൽ വാഹനാപകടത്തിൽ മരണമടഞ്ഞ നിലയിലാണ് മൃതദേഹം കണ്ടെത്തിയത്.

അമ്മിണി ജോർജ്




ഒക്കലഹോമ: അയിരൂർ മേലേടത്ത് വടക്കേൽ പുത്തൻവീട്ടിൽ പരേതനായ എബ്രഹാം ജോർജിന്റെ ഭാര്യ അമ്മിണി ജോർജ്ജ് ഒക്കലഹോമയിൽ (90) നിര്യാതയായി. കുന്നുംപുറത്തു ആറ്റാച്ചേരിൽ കുടുംബാഗമാണ് പരേത.

സംസ്കാര ശുശ്രൂഷ ഏപ്രിൽ 9 ന് ബുധനാഴ്ച രാവിലെ 9 മണിക്ക് ഒക്ലഹോമ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ നടത്തും.

മക്കൾ:കെന്നി ജോർജ്, രാജം ഏബ്രഹാം, എബി ജോർജ് (ഡാളസ്സ്), ജെസ്സി മാത്യൂ (ന്യൂയോർക്ക്), ജോയ്സ് വർഗീസ് (ഡാളസ്സ്).

ഐഎജി യുകെ & യൂറോപ്പ് നാഷണൽ കോൺഫറൻസ് സമാപിച്ചു



മാഞ്ചസ്റ്റർ: ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽ നടന്ന ഐഎജി യുകെ & യൂറോപ്പ് 18 മതു നാഷണൽ കോൺഫറൻസ് സമാപിച്ചു. റവ.ബിനോയ് എബ്രഹാം ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ സുഭാഷ് കുമരകം മുഖ്യസന്ദേശം നൽകി. പാസ്റ്റർ സാം റോബിൻസൺ ഐ എ ജി കയറിനൊപ്പം ആരാധനകൾക്ക് നേതൃത്വം നൽകി. യൂത്ത് സെക്ഷനിൽ ഡോ. ബ്ലസൻ മേമനയും, പാസ്റ്റർ എബൻ മാത്യുവും, ലേഡീസ് സെക്ഷനിൽ ഡോ. അനു കെന്നത്തും ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. ഞായറാഴ്ച സംയുക്ത ആരാധനയോടൊപ്പം കർത്യമേശയോടെ കോൺഫറൻസ് സമാപിച്ചു.

ചർച്ച് ഓഫ് ഗോഡ് സൗത്ത് സോൺ റിവൈവൽ ഫെസ്റ്റ് ഏപ്രിൽ 17ന്

തൃങ്ങാംപാറ: ചർച്ച് ഓഫ് ഗോഡ് സൗത്ത് സോണിന്റെ നേതൃത്വത്തിൽ റിവൈവൽ ഫെസ്റ്റ് 2025 എന്ന പേരിൽ ഏപ്രിൽ 17 ന് വ്യാഴാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 8.30 വരെ തൃങ്ങാംപാറ കൃപാ ഓഡിറ്റോറിയത്തിൽ നടക്കും. ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ഓവർസിയർ റവ: വൈ റെജി, പാ.ജോഷ്വ ജോൺ ബാംഗ്ലൂർ എന്നിവർ ഈ മീറ്റിംഗിൽ ശുശ്രൂഷിക്കുന്നു. സോണൽ ഡയറക്ടർ പാ. TM മാമച്ചൻ, സോണൽ ജോയിന്റ് ഡയറക്ടർ പാ. C M വൽസല ദാസ്, സോണൽ കോർഡിനേറ്റർ പാ. ബാബു ജോസഫ് തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. ഒരു തലമുറ മുഴുവൻ മദ്യത്തിനും മയക്കുമരുന്നിനും മറ്റ് ലഹരികൾക്കും അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ യുവതീ യുവാക്കളെയും കുഞ്ഞുങ്ങളെയും ലഹരിക്കും പാപത്തിനും അടിമപ്പെടാതെ ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ പ്രാപ്തരാകേണ്ടതിന് അവർ ആത്മാഭിഷേകം പ്രാപിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സോണൽ ഡയറക്ടർ പാ. റ്റി.എം മാമച്ചൻ അറിയിച്ചു.

SWARGEEYADWANI
CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 05.04.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 Issue. 7 RNI. No. KERMAL/2002/09730 Annual Subscription 200 Pages 8



ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781

മാഖീരിന്റെ ഹൗസ് ചർച്ചിൽ നിന്നും പുറത്തു വരിക

മെഫീബോശത്ത് ദീർഘകാലം പാർത്തത് മാഖീരിന്റെ വീട്ടിലായിരുന്നു. പാർക്കുകയായിരുന്നില്ല, ആ വീട്ടിൽ വളർത്തപ്പെടുകയായിരുന്നു. ബാല്യത്തിൽ തന്നെ ജീവിതത്തിൽ നേരിട്ട കടുത്ത ആഘാതങ്ങളുണ്ട്. പിതാവും പിതാവിന്റെ പിതാവും കൊല്ലപ്പെടുന്നു ,ആ വാർത്ത കേട്ടമാത്രയിൽ രാജകൊട്ടാരത്തിൽ കഴിഞ്ഞ കുടും ബാംഗങ്ങൾ രക്ഷപെടുവാനായി പലായനം ചെയ്യുന്നു. മെഫീബോശത്തിനെ എടുത്ത് കൊണ്ട് വളർത്തമ്മ ഓടുകയായിരുന്നു , ആ ഓട്ടത്തിനിടയിൽ കൈയ്യിൽ നിന്നും തെറിച്ചു വീണ് മെഫീബോശത്തിന്റെ കാലുകൾ രണ്ടും തകരുന്നു.

ശൗൽ രാജാവിന്റെ മകൻ യോനാഥാന്റെ മകൻ മെഫീബോശത്ത് ഇപ്പോൾ അനാഥനാണ്, മുടന്തനാണ്, ഏകനാണ്, അങ്ങനെ ജീവിതത്തിൽ കടുത്ത ആഘാതങ്ങൾ നൽകിയ ശൂന്യതയിൽ കഴിയുകയാണ്. ആരാണ് തന്നെ ആ വീഴ്ചയിൽ നിന്നും കരകയറ്റി ലോദേബാർ വരെ എത്തിച്ചതെന്നറിയില്ല. രണ്ടു കാലും മുടന്തനായിത്തീർന്ന ആ ബാലകനോട് ആർക്കോ കരുണ തോന്നി. മാഖീർ എന്ന ആളിന്റെ വീട്ടിൽ പാർക്കാൻ തനിക്ക് അവസരമൊരുങ്ങി. മാഖീരിനും മെഫീബോശത്തിനുമിടയിൽ ആരെങ്കിലും ഉണ്ടായിരുന്നിരിക്കും, അത് ആരാണെന്നറിയില്ലെങ്കിലും ആ വ്യക്തിയുടെ സേവനമാണ് ഇവിടെ ഏറ്റവും ശ്രദ്ധേയം.

തിരക്കുകൾക്കിടയിൽ ഇന്ന് പലരും വീണു കിടക്കുന്നവനെ കാണാറില്ല, കണ്ടാൽ ത്തന്നെ പരിഗണിക്കുവാൻ സമയവുമില്ല.ശുശ്രൂഷകളുടെ തിരക്കുകൾക്കിടയിൽ, യാതൊരു സാധ്യതകളുമില്ലാത്ത മുടന്തനായ ബാലകനെ പരിഗണിക്കുന്നതെന്തിന് എന്ന ചോദ്യം മനസിലുയരുമ്പോൾ ആ ഇടുക്കു വഴിയിൽ നിന്നും വിശാലവഴിയിലേക്ക് പറന്നു അവർ പോകും.ബഥേസ്ദ കുളത്തിന്റെ കരയിൽ പോകാൻ, ബർത്തിമായിയെ കേൾക്കുമ്പോൾ നിൽക്കാൻ, നയിൻ പട്ടണത്തിലെ വിധവയുടെ കണ്ണീരിലേക്കു നടന്നടുക്കുവാൻ ഞാൻ യേശുവൊന്നും അല്ലല്ലോ എന്നാണ് പലരുടെയും ചിന്ത എന്ന് തോന്നിപ്പോകും.

യേശുവിന്റെ വഴികൾക്ക് എതിരേ നടക്കുന്ന യേശുവിന്റെ ശിഷ്യൻമാരാണെന്നവകാശപ്പെടുന്നവരെയാണ് ഇന്ന് അധികവും വെള്ളിവെളിച്ചത്തിൽ കാണുന്നത്. അപ്പോൾ തന്നെ യഥാർത്ഥ ശിഷ്യർ ഇരുട്ടിൽ വെളിച്ചം പകരുന്നുമുണ്ട് വെളിച്ചം പകരുന്ന ഏതോ ഒരാൾ മെഫീബോശത്തിനെ മാഖീരിന്റെ വീട്ടിലെത്തിച്ച് അഭയം നൽകി ; ജീവിതം അർത്ഥപൂർണമാക്കുവാൻ അവസരമൊരുക്കി,ബന്ധങ്ങൾക്ക് ഊടും പാവും നൽകി അവിടെ ഇഴയടുപ്പമുണ്ടാക്കി.

ആഘാതങ്ങൾ ശരീരത്തിനും മനസിനുമേറ്റ് ആകെ തകർന്ന ആ കുഞ്ഞിനെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വരുവാൻ മാഖീരും മറ്റും നന്നായി ശ്രമിച്ചിട്ടുണ്ടാവും. നിസംഗതയും അനാഥത്വവും പേറുന്ന ഒരു ബാലൻ, പ്രിയപ്പെട്ടവർ കൊല്ലപ്പെട്ടതിന്റെ വേദനയിൽ നൊന്തു പോയ മനസുമായി വളരുക എത്രയോ പ്രയാസം. എല്ലാവരും പോയി ഒറ്റക്കായിത്തീർന്നു എന്നതിനൊപ്പം ആ ദു:ഖസമയത്ത് രണ്ടു കാലുകളും വീഴ്ചയിൽ തകർന്ന് മുടന്തനുമായി, എത്ര വേദനയും സങ്കടകരവുമാണ് ആ അവസ്ഥ. അങ്ങനെയൊരു ജീവിതം മറ്റാർക്കെങ്കിലും ഉണ്ടായിട്ടുണ്ടാകുമോ ആവോ?

എന്തായാലും മികച്ച ഹോം കെയറിലൂടെ ആ ബാലകനെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്നു മാഖീരും മാഖീരിന്റെ ഹൗസ് ചർച്ചും. വർഷങ്ങൾ ഏറെ കഴിഞ്ഞു, തകർന്ന മനസുമായി വന്നവനെ ഈ കാലം കൊണ്ട് ആത്മീയ - മാനസിക ശുശ്രൂഷകൾ കൊടുത്ത് ബലപ്പെടുത്തി ഉൾക്കരുത്തുള്ള വനാക്കി. ജീവിതത്തെ പ്രത്യാശനിർഭരമാക്കി. മരണത്തിന്റെ വഴിയിൽ നിന്നും ജീവന്റെ വഴിയിലേക്ക് തിരിച്ചു വിട്ടു. ആത്മീയ - ഭൗതിക പിന്തുണകൊണ്ട് ഒരു അനാഥനെ സനാഥനാക്കി മാറ്റുവാൻ മാഖീർ നേതൃത്വം നൽകിയ ലോദേബാരിലെ ഹൗസ് ചർച്ചിനു കഴിഞ്ഞു.

അങ്ങനെ ഉൾക്കരുത്തുള്ളവനായി മാറിയ മെഫീബോശത്തിനെ തേടി ഒരുനാൾ ദാവീദ് രാജാവിന്റെ ആളുകൾ എത്തി. രണ്ടു പതിറ്റാണ്ടുകൾ പാർത്ത വീട് , ആരാധിച്ച സഭ, ജീവിച്ച പരിസരം, മുടന്തനായതിനാൽ ക്രമീകരിച്ചിരിക്കുന്ന പ്രത്യേക സംവിധാനങ്ങൾ എല്ലാം ഉപേക്ഷിച്ചാലെ രാജകൊട്ടാരത്തിലേക്ക് പോകുവാൻ കഴിയൂ. എന്തിനാണ് കൊട്ടാരത്തിലേക്ക് ക്ഷണിക്കുന്നതെന്ന വലിയ ചോദ്യവും അപ്പോൾ ബാക്കിയാണ്?.

മെഫീബോശത്തിന് ക്ഷണം സ്വീകരിക്കാം അല്ലെങ്കിൽ നിരാകരിക്കാം. ഇന്ന് പലരും ചുറ്റുപാടുകളെ വിട്ടിറങ്ങുവാൻ പ്രയാസം നേരിടുന്നവരാണ്. മാഖീരിന്റെ സംരക്ഷണയിൽ കഴിയുന്നതിൽ ആനന്ദം കണ്ടെത്തി, ഇരുട്ട് നിറഞ്ഞ ചെറിയ മുറിയിൽ പരിചിതമായ പരിസരത്ത് ചുറ്റിത്തിരിയുന്നതിലാണിഷ്ടം. 'വിളി' വന്നിട്ടും വിട്ടു കൊടുക്കാൻ മനസില്ല. ഇത്രനാൾ പോറ്റിയ മാഖീരിനെ വിട്ടു പോകുന്നത് ശരിയാണോ? ആളുകൾ നന്ദികെട്ടവനെന്നു പറയില്ലേ? ഇവിടുത്തെ ചെറിയ പരിസരം നലൽകുന്ന സൗകര്യങ്ങൾ എനിക്ക് മതി ; എങ്ങനെങ്കിലും എന്റെ ആയുസ് ഈ സ്വസ്ഥതയിൽ അങ്ങ് തീർന്നാൽ മതി. രണ്ടു കാലും മുടന്തായിട്ടും ഇത്രയുമൊക്കെ ജീവിച്ചില്ലേ? രക്ഷപെടുവാൻവേണ്ടി ഇത്തരത്തിൽ നൂറു കണക്കിന് മുടന്തൻ ന്യായങ്ങൾ വാരിക്കൂട്ടി സ്വയം ന്യായീകരിച്ചിരിക്കും. മാഖീരിന്റെ വീട്ടിലെ കുളിർമയിൽ പരാന്നഭോജിയായി ഇരുട്ടുമുറിയിൽ ഏകനായി ജീവിച്ച് പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് മരിക്കാൻ കാത്തിരിക്കുകയാണ് അധികം പേരും.

പ്രാർത്ഥന, ദൈവത്തോടുള്ള സംസാരമാണ്. ദൈവം തക്ക സമയത്ത് ഉത്തരം നൽകും തീർച്ച. ആ ഉത്തരവുമായി വാതിൽക്കൽ വന്ന് നിന്നു മുട്ടിവിളിച്ചിട്ടും വാതിൽ തുറക്കാതിരുന്നാൽ നഷ്ടമാകുന്നത് രാജകീയമേശയിലെ ഭക്ഷണത്തേക്കാൾ ഉപരി ആ മേശയിലെ ചുവന്ന വിരികൾക്കടിയിൽ മുടന്തൻ കാലുകളെ മറയ്ക്കുന്ന അതുല്യ സ്നേഹമാണ്, നെഞ്ചോട് ചേർത്തണക്കുന്ന നാഥന്റെ മാർവിന്റെ ചൂടാണ് എന്ന് മറക്കരുത്.

ഒന്നുകിൽ പ്രാർത്ഥിക്കാതിരിക്കുക;അല്ലെങ്കിൽ പ്രാർത്ഥിച്ചാൽ അവിടുത്തെ തീരുമാനങ്ങൾക്കൊപ്പം സഞ്ചരിക്കുവാൻ തയ്യാറാവുക. അതിനു വേണ്ടി മാഖീരിന്റെ വീട് വിട്ട് പുറത്തിറങ്ങണമെങ്കിൽ ഒട്ടും വൈകരുത്, വിളിയുള്ളപ്പോൾ പുറത്തിറങ്ങുക. അവിടുത്തെ വിളി കേട്ടു പുറത്തിറങ്ങുമ്പോൾ അല്പകാലം ചൂടും ചൂരുമേറ്റ് സഞ്ചരിക്കേണ്ടി വന്നാലും എത്തിച്ചേരുന്നത് രാജാവിന്റെ സാന്നിധ്യത്തിലേക്കാണ്, അവിടുന്ന് ഒപ്പം ഇരുത്തി ചേർത്ത്പിടിച്ച് ഒന്നായി തീരുന്ന നിമിഷങ്ങളിലേക്കാണ്.

ഇനി, തീരുമാനിക്കു ഇക്കാലമത്രയും പാർത്ത മാഖീരിന്റെ വീട് തന്നെ മതിയോ, അതോ ഇത്ര നാൾ ഹൃദയം കൊണ്ട് സംസാരിച്ച നാഥനൊപ്പം ഇരിക്കണോ?

ചെറിയൊരു കാലം മാഖീരിന്റെ ഹൗസ് ചർച്ചിലൂടെ മെഫീബോശത്തിനു ലഭിച്ച കൗൺസലിംഗും ആത്മീയ കൂട്ടായ്മയും അവനെ ഉൾക്കരുത്തുള്ളവനാക്കി പുതിയൊരു ജീവിതത്തിലേക്കു നയിക്കുവാനായിരുന്നു എന്ന് തിരിച്ചറിഞ്ഞപ്പോൾ മുടന്തനായ ആ മനുഷ്യൻ ഇക്കാലം കൊണ്ട് കിട്ടിയ ഉൾക്കരുത്ത് കൊണ്ട് ഇരിപ്പിടം വിട്ടെഴുന്നേറ്റു. നമ്മൾക്ക് എഴുന്നേൽക്കാൻ കഴിയാത്തതിന്റെ കാരണം ഉൾക്കരുത്തില്ലാത്തതല്ല; ഞാനെഴുന്നേറ്റാൽ മറ്റൊരുത്തൻ ഈ സ്ഥാനത്ത് വന്ന് മാഖീരിന്റെ സഭയെ നയിക്കും അതെനിക്കു സഹിക്കാൻ കഴിയില്ല എന്ന ചിന്തയാണ്. ആ ചിന്തയും ഉൾക്കരുത്തും അത്യന്തം അപകടകരമാണ്, അത് ദൈവീകവുമല്ല. കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ.



ലഹരി വിരുദ്ധ സന്ദേശ യാത്ര നടത്തി

ഇടുക്കി : പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ (പിസിഐ) ഇടുക്കി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സന്ദേശയാത്ര നടന്നു. മാർച്ച് 29 ശനി രാവിലെ 9 മണിക്ക് കട്ടപ്പനയിൽ നിന്ന് ആരംഭിച്ച യാത്ര കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പി. ജോൺ ഉദ്ഘാടനം ചെയ്തു. തുടർന്ന് കാഞ്ചിയാർ പഞ്ചായത്തിലെ നരിയമ്പാറ, പള്ളിക്കവല, ലബ്ബക്കട, അയ്യപ്പൻകോവിൽ പഞ്ചായത്തിലെ മാട്ടുക്കട്ടയിലും ഉപ്പുതറ പഞ്ചായത്തിലെ ഉപ്പുതറയിലും ഏലപ്പാറ പഞ്ചായത്തിലെ ഏലപ്പാറയിലും യാത്രയുടെ ഭാഗമായി സന്ദേശയാത്രയെത്തി. വൈകുന്നേരം 5.30 ന് പീരുമേട് പഞ്ചായത്തിലെ കുട്ടിക്കാനത്ത് നടന്ന സമാപന സമ്മേളനം യുവജന കമ്മീഷൻ ഇടുക്കി ജില്ലാ കോർഡിനേറ്റർ അനൂപ് മഹാരാജാസ് ഉദ്ഘാടനം ചെയ്തു. പിസിഐ സംസ്ഥാന സെക്രട്ടറി പാസ്റ്റർ ജിജി തേക്കുതോട് സമാപന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

വെള്ളാപ്പള്ളിയുടെ പരാമർശം അടിസ്ഥാനരഹിതം; നോർത്ത് അമേരിക്കൻ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം

ന്യൂയോർക്ക്: പെന്തക്കോസ്ത് സമൂഹത്തിനെതിരെ അടിസ്ഥാനരഹിതവും അനാവശ്യവുമായ പ്രസ്താവനകൾ നടത്തിയ വെള്ളാപ്പള്ളി നടേശൻ, ക്രൈസ്തവ സമൂഹത്തോട് മാതൃകപരമായി മാപ്പ് പറയണമെന്ന് നോർത്ത് അമേരിക്കൻ കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ആവശ്യപ്പെട്ടു. ഇങ്ങനെയുള്ള മതവിദ്വേഷ പ്രസ്താവനകൾ സംഘടനകളുടെ നേതൃസ്ഥാനത്ത് ഇരിക്കുന്നവർ ഒഴിവാക്കണം. പെന്തക്കോസ്ത് സഭകൾ പണം നൽകി നിർബന്ധിതമായി മതം മാറ്റുന്നുവെന്ന വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവന വാസ്തവ വിരുദ്ധവും ചരിത്രത്തിലുള്ള അദ്ദേഹത്തിന്റെ അജ്ഞത വെളിപ്പെടുത്തുന്നതുമാണ്. ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കുന്നത് വ്യക്തി സ്വാതന്ത്ര്യം ആണ്.

മത പരിവർത്തനം കുറ്റകരമായ ഒരു പ്രവൃത്തിയല്ല. രാജ്യത്തിന്റെ ഭരണഘടന നൽകുന്ന അവകാശമാണ്. തങ്ങൾക്ക് ഇഷ്ടമുള്ള മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും മതസ്ഥാപനങ്ങൾ നടത്താനുമുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുന്നുണ്ട്. ഇത് മറ്റാരുടെയും ഔദാര്യമല്ല. ഭാരതത്തിൽ നടന്നു കൊണ്ടിരിക്കുന്ന വർഗ്ഗീയ കലാപങ്ങൾ കണ്ടില്ലെന്നു നടിക്കുന്ന വെള്ളാപ്പള്ളി, മതേതര ഭാരതത്തിന്റെ ജനാധിപത്യ ബോധത്തെ അപഹസ്യക്കുന്ന ജാതിചിന്ത വെടിയണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് രാജൻ ആര്യപ്പള്ളിൽ അവതരിപ്പിച്ചു. വിശ്വാസികൾക്കുണ്ടായ മാനസിക സംഘർഷം പരിഹരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുവാൻ പ്രമേയത്തിലൂടെ യോഗം ആവശ്യപ്പെട്ടു.

സെക്രട്ടറി നിബു വെള്ളവന്താനം അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് സാം മാത്യൂ, ജോ സെക്രട്ടറി പാസ്റ്റർ എബിൻ അലക്സ്, ട്രഷറാർ ഡോ. ജോളി ജോസഫ്, ലേഡീസ് കോർഡിനേറ്റർ ഡോ. ഷൈനി സാം, വെസ്ളി മാത്യ എന്നിവർ പ്രസംഗിച്ചു.

Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon